# കുടിയേറ്റ മതവും അതിന്റെ ദു:സ്വാധീനവും

**ഗ്രന്ഥകർത്താവ്:** ഇമാം മുഹിബ്ബുദ്ദീൻ അബ്ബാസ് അൽകാളിമി
**ഗ്രന്ഥം:** ശിയാ ലോകത്തിലൂടെ ഒരു യാത്ര
**വിവർത്തനം:** കബീർ എം. പറളി

**തൗഹീദ്**

ഖുർആനിക മുത്തുകളിൽ നിന്നും ഉതിരുന്ന പ്രകാശ സ്ഫുലിംഗങ്ങൾ ശ്രദ്ധിച്ചു നോക്കൂ.

'അപ്പോൾ ഏതൊരാളുടെ ഹൃദയത്തിന് ഇസ്ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും, അങ്ങനെ അവൻ തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള പ്രകാശത്തിലായിരിക്കുകയും ചെയ്തുവോ (അവൻ ഹൃദയം കടുത്തു പോയവനെ പോലെയാണോ) എന്നാൽ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് അകന്ന് ഹൃദയം കടുത്ത് പോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ.

അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. 'തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമങ്ങൾ അതു നിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമങ്ങളും ഹൃദയങ്ങളും അല്ലാഹുവിനെ അനുസ്മരിക്കുന്നതിനായി വിനീതമാകുകയും ചെയ്യുന്നു. അതത്രെ അല്ലാഹുവിന്റെ മാർഗദർശനം. അതു മുഖേന താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു. വല്ലവനേയും അല്ലാഹു പിഴവിലാക്കുന്ന പക്ഷം അവന്നു വഴികാട്ടാൻ ആരും തന്നെയില്ല'. (സുമർ: 22, 23)

ഈ വചനങ്ങൾ നൽകുന്ന ചിത്രം ആഴത്തിൽ പഠിക്കുക. എന്നിട്ട് താഴെ കൊടുക്കുന്ന ആയത്തിൽ നിന്ന് കിട്ടുന്ന ചിത്രവുമായി തട്ടിച്ചു നോക്കുക. അപ്പോഴറിയാം നാം ഏതു ചിത്രവുമായാണ് കൂടുതൽ അടുത്തു നിൽക്കുന്നത് എന്ന്.

'അല്ലാഹുവെ പറ്റി മാത്രം പ്രസ്താവിക്കപ്പെട്ടാൽ പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പെടുന്നതാണ്. അല്ലാഹുവിനു പുറമെയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാലൊ, അപ്പോഴതാ അവർ സന്തുഷ്ടചിത്തരാകുന്നു.' (സുമർ 45)

അല്ലാഹുവിന് പുറമെയുള്ളവരെപ്പറ്റി എന്നു പറഞ്ഞാൽ ആരാണവർ. അവരാണ്, അല്ലാഹു പറഞ്ഞതു പോലെ, 'ലാത്തയെയും ഉസ്സയെയും പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ. വേറെ മൂന്നാമതായുള്ള മനാത്തയെപ്പറ്റിയും.' (നജ്മ് 20) ഇവരെപ്പറ്റിയാണ് അല്ലാഹു പറഞ്ഞത്,

'തീർച്ചയായും പരലോകത്തിൽ വിശ്വാസിക്കാത്തവർ മലക്കുകൾക്ക് പേരിടുന്നത് സ്ത്രീനാമങ്ങളാകുന്നു.' ( നജ്മ് : 27)

മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണ് എന്ന് വിശ്വസിക്കുന്ന മുശ്രിക്കുകൾ, അവരെ ശുപാർശകരായി കാണുകയും അവരോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു . അല്ലെങ്കിൽ തങ്ങളുടെ

ഐശ്വര്യ വേളകളിൽ അവർ മുഖേന അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. അല്ലാഹുവിനെ ഓർക്കുമ്പോഴുണ്ടാകുന്നതിനേക്കാൾ ആത്മനിർവൃതിയും ആനന്ദവുമാണ് തങ്ങളുടെ ദേവികളെ സ്മരിക്കുമ്പോൾ അവർക്ക് അനുഭവപ്പെടാറുള്ളത്. ഇത് ശിർക്കാണെങ്കിൽ, അല്ലാഹുവിന്റെ സ്മരണയിൽ നിന്നുണ്ടാകുന്നതിനേക്കാൾ, ഔലിയാക്കളെയും സ്വാലിഹുകളെയും സ്മരിക്കുമ്പോൾ നമുക്കുണ്ടാകുന്ന ആത്മനിർവൃതിക്കും ഇതിനും തമ്മിൽ വിത്യാസമെന്ത്.

അല്ലാഹുവിന്റെ ഭവനങ്ങളിൽ, അവന്റെ തിരുസന്നിധിയിൽ നിൽക്കുമ്പോൾ, അവന്റെ വിശുദ്ധഗ്രന്ഥം പാരായണം ചെയ്യുകയോ ശ്രവിക്കുകയോ ചെയ്യുമ്പോൾ നാം കാണിക്കാത്ത ഭയവും ഭക്തിയും സങ്കടവും ഒരു ദർഗക്കു മുന്നിൽ നാം ചെന്നു കാണിക്കുന്നില്ലെ.

'അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചു കേൾപ്പിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപ്പിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്യാസികൾ. 'നമസ്കാരം മുറപോലെ നിർവഹിക്കുകയും, നാം നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയുന്നവർ.

അവർ തന്നെയാണ് യഥാർഥത്തിൽ വിശ്വാസികൾ. അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പല പദവികളുണ്ട്. പാപമോചനവും ഉദാരമായ ഉപജീവനവുമുണ്ട്. (അൻഫാൽ: 2-4)

'അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയർത്തെഴുന്നേൽപ്പിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു പിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതു കയ്യിൽ ചുരുട്ടി പിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ. അവർ പങ്കു ചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു'. (സുമർ 67)

'നീ പറയുക. ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏക ദൈവമാകുന്നു എന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. ആകയാൽ അവനിലേക്കുള്ള മാർഗത്തിൽ നിങ്ങൾ നേരെ നിലകൊള്ളുകയും അവനോട് നിങ്ങൾ പാപ മോചനം തേടുകയും ചെയ്യുവീൻ. സകാത്ത് നൽകാത്തവരും പരലോകത്തിൽ വിശ്വാസമില്ലാത്തവരുമായ ബഹുദൈവാരാധ കർക്കാകുന്നു നാശം'. (ഫുസ്സിലത്ത് 6,7)

സൃഷ്ടിക്കു നേരിട്ടു വകവെച്ചു കൊടുക്കുന്ന റുബൂബിയത്തല്ല ഇത്, മറിച്ച് അനുസരണത്തിൽ റുബൂബിയത്ത് കൽപിക്കലാണ്. ഇതിൽ തർക്കമില്ല തന്നെ. ജൂതൻമാരും കൃസ്ത്യാനികളും, തങ്ങളുടെ പണ്ഡിതന്മാരാണ് തങ്ങളുടെ സ്രഷ്ടാവ് എന്നു വിശ്വസിക്കുന്നവരല്ല. അല്ലാഹുവിനോടെന്ന പോലെ അവരോട് നിരുപാധികമായ അനുസരണം കാണിക്കുകയാണ് അവർ. അങ്ങനെയാണ് അവർ ഇത്തരം പാതിരിമാരാൽ, പുരോഹിതന്മാരാൽ ബുദ്ധിയും ധനവും ചൂഷണം ചെയ്യപ്പെട്ടവരായിതീരുന്നത്.

അല്ലാഹു പറഞ്ഞു: 'സത്യവിശ്വസികളേ പണ്ഡിതന്മാരിലും പുരോഹിതരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും, അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന്(അവരെ) തടയുകയും ചെയ്യുന്നു.' (തൗബ 34)

എന്നാൽ അല്ലാഹു പറയുന്നതാകട്ടെ, 'നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കാത്തവരും സന്മാർഗം പ്രാപിച്ചവരും ആയിട്ടുള്ളവരെ നിങ്ങൾ പിന്തുടരുക.' (യാസീൻ : 21) എന്നാണ്.

അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മിറക്കപ്പെടുന്ന ദിവസം. അവർ പറയും. ഞങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കാൽ എത്ര നന്നായിരുന്നേനെ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതക്കന്മാരേയും പ്രമുഖൻമാരേയും അനുസരിക്കുകയും അങ്ങനെ അവർ വഴിതെറ്റിക്കുകയുമാണ് ഉണ്ടായത്.' (അഹ്സാബ്-66,67)

'(നബിയേ) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് പരിശുദ്ധമായിട്ടുള്ളത്'.(നൂർ : 30)

'തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു'.(ഇസ്റാഅ് 23)

'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുന്നു.' (ഫാത്തിഹ 5)

അല്ലാഹു അവനെ മാത്രം ആരാധിക്കണം എന്നു പറഞ്ഞ അതേ സ്ഥാനത്തു തന്നെ അവനോട് മാത്രം സഹായം തേടണം എന്നും കൽപിക്കുന്നു. അലി(റ)വിൽ നിന്നും ഇങ്ങനെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു അല്ലാത്തവരോട് സഹായാർത്ഥന നടത്തുന്നവൻ നിന്ദ്യനായി.

അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ നോക്കുക.

'നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ ഞാൻ നിങ്ങൾക്ക് ഉത്തരം തരാം' (ഗാഫിർ : 60)

'പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരേയും വിളിച്ച് പ്രാർഥിക്കരുത്' (ജിന്ന് :18)

'നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട്.' (ഹദീദ് : 4)

'നാം അവന്റെ കണ്ഠനാഡിയേക്കൾ അവനോട് അടുത്തവൻ ആകുന്നു.' (ഖാഫ് 16)

പ്രയാസ വേളകളിൽ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുകയും സഹായതേട്ടങ്ങൾ നടത്തുകയും ചെയ്യുന്ന, അല്ലെങ്കിൽ അല്ലാഹുവിൽ നിന്ന് ആവശ്യം നേടിത്തരാൻ മാത്രം അവനുമായി അടുപ്പമുള്ളവരാണ് തങ്ങളുടെ ഔലിയാക്കൾ എന്നു ധരിക്കുന്ന, അതുമല്ലെങ്കിൽ മധ്യവർത്തികളിലൂടെയല്ലാതെ സമീപിക്കാൻ പറ്റാത്ത വിധം അല്ലാഹു തങ്ങളിൽ നിന്ന് അകന്നവനാണ് എന്നു വിശ്വസിക്കുന്ന ഏതൊരാൾക്കുമുള്ള മറുപടിയായി അല്ലാഹു പറയുന്നത് കാണുക.

'നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്.' (അൽ ബഖറ : 186)

ഇതാണ് തൗഹീദിന്റെ, ഈമാനിന്റെ സുന്ദര ചിത്രം. ഇതിന്റെ വിപരീതം വികൃതമായ, വിലക്ഷണമായ കുഫ്റിന്റേയും ശിർക്കിന്റേയും ചിത്രമാണ്

അല്ലാഹുവുമായി മാത്രമുള്ള ഹൃദയബന്ധമാണ് തൗഹീദ്. മേൽ പ്രസ്താവിക്കപ്പെട്ട പരിശുദ്ധ ഫലങ്ങൾ മുഴുവനും അതിൽ നിന്നുള്ളതാണ്. മുസ്ലിം വ്യക്തിത്വത്തിന് അന്തസ്, ലജ്ജാശീലം, പരോപകാരം, ദാനമനസ്ഥിതി തുടങ്ങിയ സവിശേഷതകൾ നൽകുന്നതും തൗഹീദു തന്നെ. ഇതിനു വിരുദ്ധമാണ് ശിർക്ക്. അല്ലാഹുവിൽ നിന്നും ബന്ധം വിച്ഛേദിക്കപ്പെട്ട് അന്യരിൽ ഖൽബുറക്കുന്നതാണത്. അന്യരെന്നാൽ മലക്കാകാം അവർക്കു താഴെയുള്ള ഏതുമാകാം.

ഖുർആനിക വഴിയടയാളങ്ങൾക്കിടയിലൂടെയുള്ള ഓട്ടപ്രദിക്ഷണത്തിനൊടുവിൽ, അഹ്ലുൽ ബൈത്തിന്റെ മതമെന്നോണം നിരാക്ഷേപം പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന ഈ കുടിയേറ്റ മതത്തിനു മുന്നിൽ നാമിപ്പോൾ എത്തിനിൽക്കു കയാണ്. അതിനുള്ളിൽ നമുക്ക് കാണാനായി എന്തുണ്ടാകും. നോക്കാം.

**ഹൃദയബന്ധം ആരുമായി**

അല്ലാഹുവുമായുള്ള ഹൃദയബന്ധം അധികപേരിലും തുലോം ദുർബലമായിരിക്കുന്നു. അല്പം ആളുകൾ മാത്രമേ അവനെ ഓർക്കുന്നവരായുള്ളൂ. അവർ തന്നെയും പടച്ചവനെ സ്മരിക്കുന്നത് മധ്യവർത്തികളിലൂടെയും ശുപാർശകരിലൂടെയും മാത്രം.

ഓരോരുത്തർക്കും അവനവന്റെ ഹൃദയം തൊട്ടു നോക്കിയാലറിയാം അല്ലാഹുവോടുള്ളതിനേക്കാൾ തനിക്കുള്ള ബന്ധവും, അവനോടുള്ളതിനേക്കാൾ ആശ്രയഭാവവും മധ്യവർത്തികളിലും

ശുപാർശകരിലുമാണെന്ന്. പ്രാർത്ഥിക്കപ്പെടു ന്നവനും, സഹായം ചൊരിയുന്നവനും, കണക്കറ്റു നൽകുന്നവനും, അപകടങ്ങൾ ഒഴിവാക്കുന്നവനും, ദു:ഖങ്ങളും ആത്മസംഘ ർഷങ്ങളും നീക്കുന്നവനും, ആവശ്യങ്ങൾ നിവൃത്തിക്കുന്നവനും, അപകടങ്ങളും, ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും ഇല്ലാതാക്കുന്ന വനും, പ്രാർഥനകൾ മുഴുവൻ കേൾക്കുന്നവനുമല്ല അല്ലാഹു. അവന്ന് മധ്യസ്ഥൻമാർ കൂടിയേ തീരൂ എന്ന നിലപാടിലാണ് എല്ലാവരും. എന്നല്ല, അല്ലാഹുവിലേക്കു തിരിയാതെ, ഈ ശുപാർശകരോടു തന്നെ നേർക്കു നേരെ പ്രാർഥിക്കുന്നവരാണ് പലരും.

ഇതിനു തെളിവു നൽകാൻ എന്റെ കയ്യിൽ ഒന്നേയുള്ളൂ. അവരിലാരെങ്കിലും വല്ല അപകടത്തിലും പെടുന്ന ആ നിമിഷം നിങ്ങളൊന്നു ശ്രദ്ധിച്ചു നോക്കുക. അയാളുടെ നാവുച്ചരിക്കുന്ന ആദ്യത്തെ പദം യാ ഇമാം,യാ ശൈഖ് എന്നായിരിക്കും, അല്ലാഹുവേ എന്നയാൾ വിളിക്കുകയേ ഇല്ല.

'എന്നാൽ ഇത്തരമൊരവസ്ഥയിലേക്ക് ആദ്യകാല മുശ്‌രിക്കുകൾ പോലും എത്തിയിരുന്നില്ല എന്നതാണ് വാസ്തവം.' ഖുർആൻ വായിച്ചു നോക്കുക.

'എന്നാൽ അവർ(ബഹുദൈവാരാധകർ)കപ്പലിൽ കയറിയാൽ കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ വിളിച്ചു പ്രാർത്ഥിക്കും'. (അൻകബൂത്ത് : 65)

'കടലിൽ വെച്ച് നിങ്ങൾക്ക് കഷ്ടത നേരിട്ടാൽ അവനൊ ഴികെ, നിങ്ങൾ ആരെയെല്ലാം വിളിച്ചു പ്രാർത്ഥിക്കുന്നുവൊ അവർ അപ്രത്യക്ഷരാകും. എന്നാൽ നിങ്ങളെ അവൻ രക്ഷപ്പെടുത്തി കരയിലെത്തിക്കുമ്പോൾ നിങ്ങൾ തിരിഞ്ഞു കളയുകയായി. മലുഷ്യൻ ഏറെ നന്ദികെട്ടവനായിരിക്കുന്നു'. (ഇസ്റാഅ് : 67)

ഈ സമൂഹത്തിന്റെ നില എത്ര മാത്രം ഗുരുതരാവസ്ഥ യിലാണ് എത്തി നിൽക്കുന്നതെന്നോ. തങ്ങളുടെ വിശ്വാസ ന്യായീകരണത്തിനു വേണ്ടി പല സാധാരണക്കാരും പറയുന്നത് കേൾക്കാം, അല്ലാഹുവിനോട് തേടിയാൽ നാൽപതു വർഷത്തോളം ക്ഷമിച്ചിരിക്കേണ്ടിവരും എന്ന്. അതിന് ഞങ്ങളെ കൊണ്ടാവില്ല. കാര്യങ്ങൾ എളുപ്പം നടക്കാൻ ഔലിയാക്കന്മാരോടേ ഞങ്ങൾ പ്രാർഥിക്കൂ എന്നർത്ഥം.അല്ലാഹു പക്ഷേ പ്രാർഥനകൾക്കുത്തരം നൽകുന്നവനും ഓരോരുത്തരുടെയും കണ്ഠനാഡിയേക്കാൾ സമീപസ്ഥനുമാണെന്ന വിവരം ഈ സാധുക്കൾ മറക്കുകയാണ്. അല്ലാഹു പറഞ്ഞില്ലെ.

'താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകു എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു'. (യാസീൻ : 82)

എന്നാൽ വലിയ്യിനെ (ഖബറിലോ ദർഗയിലോ അന്ത്യവി ശ്രമം കൊള്ളുന്ന ആരേയും പൊതുജനം വിളിക്കുന്ന സാങ്കേതികാർത്ഥത്തിൽ) പ്പറ്റിയുള്ള നമ്മുടെ ധാരണ, സദാസമയം അടിമകളുടെ പ്രാർഥന കേൾക്കുകയും താമസംവിനാ അവർക്കു ത്തരം നൽകുകയും ചെയ്യുമെന്നാണ്. ആരെങ്കിലും താങ്കളെ യാത്രയാക്കുകയാണെന്നിരിക്കട്ടെ, അവൻ പറയും അല്ലാഹുവും പ്രവാചകനും അലിയും യാത്രയിൽ നിനക്ക് കൂട്ടിനുണ്ടാകട്ടെ എന്ന്. നമ്മുടെ യാത്രയിൽ അല്ലാഹുവല്ലാതെ മറ്റാരെങ്കിലും (പ്രവാചകനാകട്ടെ, അലിയാകട്ടെ, മറ്റാരുമാകട്ടെ) നമുക്ക് കൂട്ടിനുണ്ടാകുമെന്ന് ഖുർആൻ ആത്യന്തം വായിക്കുന്ന ഒരാൾക്കും കാണാൻ സാധ്യമല്ല.

'മൂന്നുപേർ തമ്മിലുള്ള യാതൊരു രഹസ്യ സംഭാഷണവും അവൻ അവർക്ക് നാലാമനായിക്കൊണ്ടല്ലാതെ ഉണ്ടാകുകയില്ല. അഞ്ചുപേരുടെ സംഭാഷണമാണെങ്കിൽ അവൻ അവർക്ക് ആറാമനായിക്കൊണ്ടുമല്ലാതെ. അതിനെക്കാൾ കുറഞ്ഞവരുടെയോ കൂടിയവരുടെയോ (സംഭാഷണം) ആണെങ്കിൽ അവൻ എവിടെയായിരുന്നാലും അവൻ അവരോടൊപ്പം ഉണ്ടായിട്ടല്ലാതെ'. (മുജാദില: 7)

ഈ വിശുദ്ധ വചനത്തിൽ അവൻ എന്നു പറയപ്പെട്ടത് അല്ലാഹുവല്ലാതെ മറ്റാരാണ് സഹോദരങ്ങളെ. അല്ലാഹു അല്ലാത്തവരിൽ അഭയം തേടുന്ന ഇവരുടെ അവസ്ഥയുമായി പടച്ചവൻ പറഞ്ഞത് എത്രമാത്രമാണെന്ന് നോക്കുക.

‘അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് പങ്കുചേർക്കുന്നവരായി കൊണ്ട് മാത്രമാണ്.’ (യൂസുഫ്:106)

**ആരാണ് സംരക്ഷകൻ**

അതിശയമായി തോന്നാവുന്ന ചോദ്യം അല്ലെ. എന്നാൽ ഞാനും നിങ്ങളും നിത്യേന കണ്ടുകൊണ്ടിരിക്കുന്ന ദൃശ്യങ്ങളെപ്പറ്റി ഒന്നു ചിന്തിച്ചു നോക്കാം.

നജഫിൽ ഒരു മയ്യിത്ത് സംസ്കരണത്തിനു വേണ്ടി പോയതായിരുന്നു ഞങ്ങൾ. അവിടെ ഇമാം അലിയുടെ ഖബറിടത്തിലേക്ക് കടന്നതേയുള്ളൂ. അപ്പോൾ വെള്ളം വിറ്റു കൊണ്ടിരിക്കുന്ന ഒരാൾ ഒരു കോപ്പ വെള്ളം എന്റെ നേർക്ക് നീട്ടിക്കൊണ്ട് പറഞ്ഞു. ഇമാം അലിയുടെ സംരക്ഷണം താങ്കൾക്കുണ്ടാവട്ടെ. ഇതു കേട്ടപ്പോൾ എല്ലാവരോടുമായി ഞാൻ ചോദിച്ചു. നിങ്ങളൊന്നും മുസ്‌ലീംകളല്ലെ. അല്ലാഹു ഖുർആനിൽ എടുത്ത് പറഞ്ഞത് നിങ്ങൾ വായിച്ചിട്ടില്ലെ. ‘എന്നാൽ അല്ലാഹുവാണ് നല്ലവണ്ണം കാത്തുസംരക്ഷിക്കുന്നവൻ. അവൻ കരുണയുള്ളവരിൽ ഏറ്റവും കാരുണികനാകുന്നു’. (യൂസുഫ് : 64)

ഒരിക്കൽ എന്റെ കാറിൽ ഒരാൾ കയറുകയായിരുന്നു. യാ അലീ എന്ന് ഉരുവിട്ടു കൊണ്ടാണ് അയാൾ കയറിയത്. യാത്ര തുടർന്നപ്പോൾ, എന്താണ് ഇസ്തിഗാസ എന്നും, അത് അല്ലാഹുവിനോട് മാത്രമേ പാടുള്ളൂ എന്നും, നമ്മൾ അഹ്ലുൽ ബൈത്തിനെ സ്നേഹിക്കുകയും അവരുടെ ജീവിതമാർഗം പിന്തുടരുകയുമാണ് വേണ്ടത്, അവരോട് പ്രാർഥിക്കുകയല്ല ചെയ്യേണ്ടത് എന്നുമൊക്കെ അയാൾക്കു ഞാൻ വിശദീകരിച്ചു കൊടുത്തു. എന്റെ വിശദീകരണം മുഴുവനും അദ്ദേഹം അംഗീകരിച്ചു. ഇറങ്ങാൻ നേരത്ത് ഞാൻ നൽകിയ സഹായത്തിന് നന്ദി പറഞ്ഞ അയാൾ പക്ഷെ, അവസാനിപ്പിച്ചത് ഇങ്ങനെയാ യിരുന്നു. മുത്ത് നബി താങ്കളെ സംരക്ഷിക്കട്ടെ. ഞാനൊരു പുഞ്ചിരിയോടെ മനസിൽ പറഞ്ഞു. ഞാനെന്തേ ഇപ്പോൾ ചെയ്തൂ.

**പേരുകളിൽ പോലും അല്ലാഹു അല്ലാത്തവർക്കു ദാസ്യം**

നമ്മുടെ പേരുകൾ പോലും വിളിച്ചോതുന്നത് അല്ലാഹുവു മായല്ല, ഔലിയാക്കളുമായാണ് നമ്മുടെ അമിതബന്ധം എന്നാണ്. അബ്ദുൽഹുസൈൻ,അബ്ദുസ്സഹ്റാ, അബ്ദുഅലി, അബ്ദുർ രിദാ, അബ്ദുൽകാളിം, അബ്ദുസ്സാദ, അബ്ദുൽഅഇമ്മ, അബിദു ൽകുല്ലാ, അബ്ദുൽഇഖ്‌വ തുടങ്ങിയ പേരുകളാണ് അബ്ദുല്ലാഹ്, അബ്ദുറഹ്മാൻ, അബ്ദുറസാഖ് തുടങ്ങിയവക്കു പകരം നമുക്കുള്ളത്. എന്നല്ല, അല്ലാഹുവിന് പ്രിയമുള്ള നാമങ്ങളായി അറിയപ്പെട്ട പ്രസ്തുത പേരുകൾ തന്നെ ഏറിയ കൂറും നമ്മിൽ നിന്നും നഷ്ടമായിക്കഴിഞ്ഞിരിക്കുന്നു.

അബ്ദുറഹ്മാൻ, അബ്ദുറസാഖ് എന്ന പേരുള്ളവരെ റഹ്മാനെന്നും, റസാഖെന്നും വിളിക്കുന്ന നാം അബ്ദുൽഹുസൈ നിൽ നിന്നും അബ്ദുറിദയിൽ നിന്നും അബ്ദ് ഒഴിവാക്കി പേരു വിളിക്കുമൊ. ഇല്ലേയില്ല.അബ്ദുറഹ്മാൻ എന്നു പറയുന്നതിനെ ക്കാൾ നാവിന് എളുപ്പം അബ്ദുഅലിയെന്നും അബ്ദുൽഹുസൈ നെന്നും പറയുന്നതാണ് എന്ന നിലയാണു നമുക്ക്. ഒരു വ്യക്തിയുടെ വാപ്പ ഉപ്പാപ്പമാരെച്ചേർത്ത് പറയുന്നിടത്തു പോലും ഈ അനീതി കാണാം. അബ്ദുൽകരീം ,അബ്ദുരിദാ, അബ്ദുൽജലീൽ അബ്ദുൽഹുസൈൻ എന്നിവക്കു പകരം യഥാക്രമം കരീം അബ്ദുരിദാ, ജലീൽ അബ്ദുൽഹുസൈൻ എന്നേ നമ്മളുച്ചരിക്കൂ .കാരണം അൽജലീലും അൽകരീമും അല്ലാഹുവാണല്ലൊ.

നാമകരണത്തിൽ പ്രകടമായ വേറൊരു വ്യത്യാസവും കൂടി നമുക്ക് കാണാനാവും. എല്ലാ ഇമാമുകളുടെ പേരിനോടൊപ്പവും അൽ എന്ന അവ്യയം ചേർന്നതായി കാണുമ്പോൾ, ഇമാം അലിയുടെ പേരിൽ മാത്രം അൽ ചേർത്തതായി നാം കാണുന്നില്ല. ഉദാഹരണമായി, അബ്ദുൽഹുസൈൻ എന്നു പേരിടുന്നവർ അബ്ദുൽഅലി എന്നു പേരു വെക്കാറില്ല. കാരണമുണ്ട്, അൽ അലി എന്നത് അല്ലാഹുവിന്റെ നാമമാണ്. അപ്പോൾ അബ്ദുൽ അലി എന്നു പറഞ്ഞാൽ അബ്ദുള്ള (അല്ലാഹുവിന്റെ അടിമ) എന്നു തന്നെയാകും അർത്ഥം. അലി(റ)യുടെ അടിമയാകാൻ ആഗ്രഹിക്കുന്നവർക്ക് അങ്ങനെ വരുന്നത് അസഹ്യമല്ലെ. അതിനാൽ അലിയിൽ നിന്ന് അൽ ഒഴിവാക്കി അബ്ദു അലി എന്നു നാമകരണം ചെയ്യുന്നു. പേരിൽ പോലും അല്ലാഹു അല്ലാത്തവ രോടുള്ള ദാസ്യം.

എനിക്കൊരു സുഹൃത്തുണ്ടായിരുന്നു. വിവാഹ ശേഷം വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ അയാൾക്കൊരു ആൺകുഞ്ഞു പിറന്നു. അബ്ദുൽ വഹാബ് എന്ന പേരാണു അയാൾ തന്റെ കുട്ടിക്കു നൽകിയത്. അല്ലാഹുവിന്റെ അൽ വഹാബ് (അധികം നൽകുന്നവൻ) എന്ന വിശിഷ്ട

നാമത്തിന്റെ അനുഗ്രഹമറിഞ്ഞതു കൊണ്ടാണ് അദ്ദേഹം ആ പേരു തന്നെ തന്റെ കുഞ്ഞിനു നൽകാൻ തയ്യാറായത്. ദീർഘ വർഷങ്ങളുടെ കാത്തിരിപ്പിനു ശേഷം ഇസ്മാഈലെന്ന ഒരു കുഞ്ഞിനെ നൽകിയ അല്ലാഹുവിന്റെ അനുഗ്രഹത്തെ മഹാനായ ഇബ്റാഹീം നബി(അ) എടുത്ത് പറയുന്നത് ഖുർആനിലുണ്ട്. 'വാർദ്ധ്യകത്തിൽ എനിക്ക് ഇസ്മാഈലിനെ നൽകിയ അല്ലാഹുവിന് സർവ്വ സ്തുതികളും' (ഇബ്റാഹീം 39) എന്നാണത്. ഈ ആയത്തിൽ പ്രയോഗിച്ച 'വഹബ' എന്ന ക്രിയയുടെ നാമ രൂപമാണ് വഹാബ്. അൽ വഹാബ് എന്നാൽ അല്ലാഹുവിന്റെ വിശിഷ്ടനാമങ്ങളിലെ ഒന്നാണ്.

എന്റെ സുഹൃത്തിന് കുഞ്ഞുണ്ടായ വാർത്തയറിഞ്ഞപ്പോൾ സന്തോഷമറിയിക്കാൻ ചുറ്റുപാടുമുള്ള അയൽവാസികൾ അദ്ദേഹത്തിന്റെ വീട്ടിലെത്തി. കുഞ്ഞിന്റെ പേരു കേട്ടപ്പോൾ പക്ഷെ, അവരെല്ലാവരും അത്ഭുതപ്പെടുകയായിരുന്നു, എവിടുന്നു കിട്ടി ഇയാൾക്ക് ഈ അപരിചിത നാമം. ഹൈദറെന്നൊ ഹുസൈനെ ന്നൊ മറ്റൊ ഇട്ടുകൂടായിരുന്നൊ ഇയാൾക്ക്. അവർ തുറന്നു പറയുക തന്നെ ചെയ്തു.

**വഴിപാടുകൾ**

എത്രയെത്ര ഇമാമുകളാണ് നമുക്ക്. ദർഗകൾക്ക് യാതൊരു പഞ്ഞവുമില്ല. ഭൂമിക്കു മീതെ ചതുരാകൃതിയിലൊരു എടുപ്പുണ്ടാ ക്കുകയേ വേണ്ടൂ. അപ്പോഴേക്കും ഒന്നിനുമേൽ മറ്റെന്നൊണം അതിൻമേൽ ഖുബകളും പട്ടുവിരികളും അതിന്നായുള്ള സേവകൻമാരും വന്നു നിറയും. സിയാറത്തിനു വന്നവർക്ക് എത്തിപ്പെടാൻ കഴിയുന്ന റോഡരികിലാകണം. ഈ ദർഗ എന്ന ഒരൊറ്റ നിബന്ധന മാത്രമേ ഇക്കാര്യത്തിൽ ജനങ്ങൾക്കുള്ളൂ. ഇമാമുകൾക്കു വേണ്ടി (എല്ലാറ്റിനും ഇമാമുകൾ തന്നെയാണ് ചൂഷകരുടെ കേന്ദ്രം) നിലകൊള്ളാനും അവരുടെ ഖബറിടം പണിയാനും എത്രയെത്ര ഖാദിമുകളാണെന്നൊ. അല്ലാഹു സൂറത്തു യാസീനിൽ പറഞ്ഞതു പോലെ 'അവർ അവർക്കുള്ള (അല്ലാഹു അല്ലാത്ത ആരാധ്യർക്കുള്ള) സർവ്വ സജ്ജരായ പട്ടാളക്കാരാകുന്നു.' (യാസീൻ : 75)

ഇമാമുകളെ കാക്കാൻ കാവൽക്കാരും ഖാദിമുകളും നേരെമറിച്ചല്ലെ, വേണ്ടിയിരുന്നത്. ആലോചിച്ചു നോക്കൂ. സത്യത്തിൽ ഈ കാണുന്ന ദർഗാ സേവകരെല്ലാം ഇപ്പണിയിലൂടെ വിവിധ തരത്തിലുള്ള സമ്പത്തുകൾ വാരി കൂട്ടുകയാണ് ചെയ്യുന്നത്.അണ്ടയായും,കോഴി,ആട് തുടങ്ങിയ നേർച്ച വസ്തുക്കളായും, ഭക്ഷണ വിഭവങ്ങളായും മറ്റിതര വഴിപാടു കളായും ഭക്തരിൽ നിന്നും ഇവർ വാരികൂട്ടുന്നതെത്രയാണ്. അല്ലാഹുവിലേക്കടുക്കാൻ ശുപാർശകരും മധ്യവർത്തികളുമില്ലാതെ നടക്കില്ല. എന്തൊരു ദുരന്തമാണിത്.

സത്യം ചെയ്യുന്ന കാര്യത്തിൽ പോലും ജനതയുടെ അവസ്ഥ കഷ്ടമാണ്. നൂറു വട്ടം അല്ലാഹുവിന്റെ പേരിൽ ആണയിടാൻ മടിയില്ലാത്ത ഒരു നുണയന്, ഏതെങ്കിലുമൊരു ഇമാമിന്റെ മഖ്ബറയിൽ, മഖാമിൽ ചെന്ന് സത്യം ചെയ്യാൻ ഭയമാണ്. മുശ്രിക്കുകൾ പോലും വല്ല കാര്യത്തിലും ശപഥമെടുക്കേണ്ടി വന്നാൽ അല്ലാഹുവിൽ മാത്രം ആണയിടാറാണ് പതിവെന്ന് ഖുർആൻ വ്യക്തമാക്കുന്നത്. 'തങ്ങളുടെ പക്കൽ ഒരു താക്കീതുക്കാരൻ വരുന്ന പക്ഷം, തങ്ങൾ ഏതൊരു സമുദായത്തേ ക്കാളും സന്മാർഗം സ്വീകരിക്കുന്നവരാകാമെന്ന്, അവരെക്കൊണ്ട് സത്യം ചെയ്തു പറയാവുന്നതിന്റെ പരമാവധി അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു പറഞ്ഞു.' (ഫാത്വിർ :42)

**ബിദഈ ആഘോഷങ്ങളുടെ കലവറ**

അവസാനിക്കാത്ത 'സിയാറത്ത് ടൂറു'കളാണ് ശിയാ ലോകത്ത്. അതിനു വേണ്ടി വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്ലാനുകളും ആഘോഷങ്ങളും അവർ തയ്യാർ ചെയ്യപ്പെട്ടിട്ടുണ്ടാകും അവിടെ. മുഹറം മുതൽ സഫറു വരെ പ്രത്യേകമായ ആഘോഷ മാണുള്ളത്. കൂടാതെ ആശൂറാഅ് ആഘോഷവും. കാണേണ്ടത് തന്നെയാണ് ആശൂറാദിനത്തിന്റെ തകൃതി? അറഫാദിനാഘോഷം, ജൻമദിനാഘോഷം, മാധിയാഘോഷം, രക്തസാക്ഷിത്വ ദിനാഘോഷം തുടങ്ങി വേറെയുമുണ്ട് ആഘോഷദിനങ്ങൾ. റജബിയ്യ, ശഅ്ബാനിയ്യ, ദൗറത്തുസ്സനഃ മുതലായ ആഘോഷ ങ്ങൾ പിന്നേയും. പേർഷ്യൻ വർഷത്തിലെ ആദർ മാസം (മാർച്ച്) 21 നു നടക്കുന്ന നയ്റൂസ് ഉത്സവമാണ് ദൗറത്തുസ്സനഃ. എന്നാൽ ശിയാ ലോകം ഇസ്ലാമിലെ ഹിജ്റ വർഷത്തെ എതിരേൽക്കു ന്നതോ, മാറത്തടിച്ചും നിലവിളിച്ചും കറുപ്പു വസ്ത്രങ്ങളണിഞ്ഞും!

എണ്ണാനാവാത്തത്ര ഉത്സവങ്ങളാണ് ഇവിടെ. എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരങ്ങളിൽ 'ആഴ്ചാ സംഗമം' എന്ന ഒരു പരിപാടിയുണ്ട്. (നമ്മുടെ നാട്ടിലെ ദിക്ർ ഹൽഖ പോലെ) ഓരോ

മഹല്ലിലേയും ആണുങ്ങളും പെണ്ണുങ്ങളും പങ്കെടുക്കും. അവരിലെ അധിക പേരുടേയും ദീനിനെ സംബന്ധിച്ച അറിവ്, ഒരു ഖുർആനിക ആയത്തു കൊണ്ടെങ്കിലും തെളിയിക്കപ്പെട്ടിട്ടില്ലാത്ത ഇത്തരം സംഗമങ്ങളും, സിയാറത്തുകളും, ഉറൂസുകളും  അവയുടെ പോരിശകളും മാത്രമായിരിക്കും.

അയാൾ പറഞ്ഞു : 'അതെ' .

അയാൾ ജുമുഅ നമസ്കരിച്ചിട്ടില്ലെന്ന് കൃത്യമായി എനിക്കറിയാവുന്ന ഞാൻ വീണ്ടും ചോദിച്ചു: ''എവിടെ?''

അയാൾ : ''നജഫിൽ, അഥവാ കർബലയിൽ''

ഞാൻ : മാശാ അല്ലാഹ്, ഏതു ജുമുഅ പള്ളിയിലായിരുന്നു?

അയാൾ: ജുമുഅ പള്ളിയിലല്ല.എല്ലാ വ്യാഴാഴ്ചയും ഞങ്ങൾ ഇമാമുകളുടെ മഖാമിലേക്ക് സിയാറത്തിന് പോകാറുണ്ട്. അവിടെയാണ് ഞങ്ങൾ നമസ്ക്കരിക്കാറ്.

ഞാൻ മനസിൽ പറഞ്ഞു: 'സുബ്ഹാനല്ലാഹ്'ഞാൻ അസ്വർ നമസ്കാരം ദുഹറിനോട് ചേർത്ത് നമസ്കരിക്കാറുണ്ട്, സമ്മതിച്ചു. ഇതിപ്പോ, ജുമുഅ നമസ്ക്കാരം വ്യാഴാഴ്ചയിലേക്ക് മാറ്റി നമസ്കരിക്കാനും തുടങ്ങിയെന്നൊ?!

സാന്ദർഭികമായി ഒന്നു കൂടി പറയട്ടെ, സകല ഇമാമുക ളുടേയും ഇമാമായ മുഹമ്മദ് നബി(സ) യുടെതൊഴിച്ച് മറ്റെല്ലാ ഇമാമുകളുടേയും ജനന മരണ ഉത്സങ്ങൾ കഴിക്കുന്നവരാണ് നാം. ഇസാഖാഅ് , മിഅ്റാജ്, ഹിജ്റ, ബദർ യുദ്ധം തുടങ്ങി ഇസ്ലാമിലെ ചരിത്രപ്രാധാന്യമുള്ള സംഗതികളൊന്നും നമുക്കറിഞ്ഞു കൂട. എന്നാൽ അഗ്നിയാരാധകരുടെ ആഘോഷമായ നൈറൂസിന്റെ മാസവും ദിവസും നമുക്ക് കൃത്യമായറിയാം. മാത്രമല്ല, രാത്രി മുഴുവൻ തെരുവോരങ്ങളിൽ അഗ്നി കത്തിച്ച് നാം അത് ആഘോഷിക്കുകയും ചെയ്യും!

**ദർഗകളിൽ സംഭവിക്കുന്നതെന്ത്?**

ഉറൂസുത്വങ്ങൾ ആൺ പെൺ സമ്മിശ്ര സമ്മേളനത്തിന്റെ അവസരങ്ങളാണ് എന്നല്ല, കണ്ടുമുട്ടലുകളും, കരാറുപാലനങ്ങളും, ആഗ്രഹസഫലീകരണങ്ങളും നടക്കുന്ന സുവർണ്ണാവസരങ്ങളാണ് അവ. കാൽനടകളായും വഴിവക്കുകളിൽ രാപാർത്തും സംബന്ധിക്കേണ്ട, ദിനങ്ങൾ നീണ്ടു നിൽക്കുന്ന ഉറൂസുകൾ പ്രത്യേകിച്ചും.

നമുക്കിടയിലെ ധാർമ്മിക ജീർണ്ണത എത്തേണ്ടിടത്ത് എത്തിയിട്ടുണ്ട്. അതിനെതിരിൽ അജ്ഞത നടിക്കുന്നതോ, ലജ്ജയാൽ സൂചനകൾ കൊണ്ടു മതിയാക്കുന്നതോ ഭൂഷണമാകുമെന്ന് തോന്നുന്നില്ല. വളച്ചു കെട്ടില്ലാതെ സധീരം എല്ലാ വെട്ടിത്തുറന്നു വ്യക്തമാക്കിയാലേ യാഥാർത്ഥ്യങ്ങൾ ബോധ്യമാകൂ. വിവേകമുള്ള ഏതൊരാൾക്കും മനസിലാക്കാനായ അവിഹിത ബന്ധങ്ങളെ സംബന്ധിച്ച വിവരങ്ങൾ. പക്ഷെ എല്ലാവരും മൗനത്തിലാണ് ''ദുനിയാവിൽ അവർക്കിടയിലെ സ്നേഹബ ന്ധങ്ങൾ നിമിത്തം''എന്ന് ഖുർആൻ പറഞ്ഞതു പോലെത്തന്നെ. പണ്ഡിതൻമാർ പോലും അങ്ങനെത്തന്നെയാണ്.

ദർഗകളിലും മഖാമുകളിലും ത്വവാഫു ചെയ്യുന്ന രംഗങ്ങൾ കാണേണ്ടതു തന്നെയാണ്. അവിടുത്തെ തിക്കിത്തിരക്കും മുട്ടിയുരുമ്മലുകളും സാധാരണമാണ്. ഒരാൾക്കും ഒരാക്ഷേപവുമില്ല. ചിലരുടെ സിയാറത്തിനുള്ള നേർച്ച തന്നെ ഈയൊരവസരത്തിനു വേണ്ടിയാണെന്നു കാണാനാവും. അഹ്മദ് ബിൻ ഹാഷിമിന്റെ സിയാറത്തുത്സവത്തിനുള്ള പ്രത്യേകത തന്നെ ബാന്റടിച്ചും നൃത്തം ചെയ്തും മദ്യപിച്ചും ആളുകൾ ആഘോഷിക്കലാണ്. തമാശയതല്ല, ഏതു ദർഗയുടെ മുന്നിലും ഇങ്ങനെയൊരു വാചകം എഴുതി വെച്ചതു കാണാനാകും, ''യാത്രക്കാരികൾക്ക് പ്രവേശ നമില്ല''!!

ദർഗയിലെ പൂജാരികൾ സാധാരണക്കാരിൽ നിന്നും കാശുതട്ടാനായി എന്തെല്ലാം തരികിടകളും തന്ത്രങ്ങളും കാട്ടിക്കൂട്ടുന്നതെന്നു അവിടം സന്ദർശിച്ചലറിയാനാവും. സിയാറത്തിനെത്തുന്ന ആണുങ്ങളേയും പെണ്ണുങ്ങളേയും ഖബറിൽ കിടക്കുന്ന ശൈഖിന്റെയും പേരിൽ പ്രാർത്ഥിച്ചു കൊണ്ടാണ് അവർ സ്വീകരിക്കുക.''ഈ ശൈഖിനു വല്ല നേർച്ചക്കടവുമുണ്ടോ?''

എന്ന ചോദ്യമായിരിക്കും അടുത്തത്. ചിലർ സ്ത്രീകളുടെ വസ്ത്രവും പോക്കറ്റും പരതുന്നതിലായിരിക്കും ശ്രദ്ധകാട്ടുക. നമുക്കറിഞ്ഞു കൂടാത്ത എന്തൊക്കയൊ കാര്യങ്ങൾക്കു വേണ്ടിയാവും അവരുടെ പരതൽ! ചിലരാകട്ടെ മയ്യിത്തിന്റെ മേൽ ഖുർആനുമോതി

കുത്തിയിരിക്കുന്നുണ്ടാകും. ആയാളുടെ മീതേക്കോ കയ്യിലേക്കോ കീശയിലേക്കോ കടലാസു കഷ്ണങ്ങൾ നേരെ വന്നു വീഴുന്നുണ്ടാകും.

കുറച്ചകലെ അപ്പുറത്തും ഇപ്പുറത്തുമായി ദർഗ നടത്തിപ്പുക്കാരിൽ ചിലർ ഓരോ ആടിനേയും പിടിച്ചു നിൽക്കുന്നുണ്ടാകും. നേർച്ചക്കടവുമായി വരുന്നവർക്കു വിൽക്കാൻ. ഒരൊറ്റ ദിവസം തന്നെ ആ സാധു മൃഗത്തെ അവർ പലവുരു വിൽപ്പന നടത്തും! പ്രതീകാത്മാകമായാണ് വിൽപന. നേർച്ചക്കടം വീട്ടാനെത്തുന്ന, ആടിന്റെ വില നൽകി അയാളുടെ കയ്യിൽ നിന്നും അതിനെ വാങ്ങും. ''നിന്റെ നേർച്ച എത്തേണ്ടിടത്ത് എത്തിയിട്ടുണ്ട്'' എന്ന് വിൽപനക്കാരൻ പറഞ്ഞാൽ ആ ആടിനെ അയാൾക്കു തന്നെ തിരിച്ചു നൽകി ആദ്ദേഹം സ്ഥലം വിടും. അതെ, നേർച്ചപ്പണം എത്തിയിരിക്കണം... അത് ദർഗക്കാരന്റെ കീശയിലേ ക്കാണെന്നു മാത്രം.

മഖാമിനു മുന്നിൽ, ജനലഴികൾക്കു തൊട്ടടുത്തായി കാണിക്കവഞ്ചിയും പിടിച്ചു നിൽക്കുന്നവരേയും കാണാം. വഴിപാടു പണം മുഴുവനും മഖാമിനുള്ളിൽ വീഴാതെ 'ഠജമാമി'ന്നു തന്നെ എത്തണം എന്ന സൂക്ഷ്മതയിലായിരിക്കും അയാൾ. ആലോചിച്ചു നോക്കു. ഖബറിന്നു മുകളിൽ വീഴും മുമ്പെ പൂജാരി കൈക്കലാക്കുന്ന സംഖ്യ, അതിന്നു മീതെ വന്നു പതിക്കുന്ന സംഖ്യയേക്കാൾ ഇരട്ടിയായിരിക്കും എന്നതാണ് സത്യം. അല്ലാഹു വാണെ, വിവേകമുള്ള ഒരുത്തന് അംഗീകരിക്കാനാവുന്നതല്ല ഇത്.

എന്നാൽ ചിലപ്പോഴെങ്കിലും ചില ദുശാഠ്യക്കാരായ ആൺ പെൺ സന്ദർശകരേയും നമുക്കിവിടെ കാണാം. മഖാമിന്റെ ഖാദിം 'നിന്റെ നേർച്ച എത്തേണ്ടിടത്ത് എത്തിയിട്ടുണ്ട്' എന്നു പറഞ്ഞാലും ശരി. അയാളെ ഏൽപ്പിച്ച നേർച്ചപ്പണം ഖബറിടത്തിൽ തന്നെ വീഴുന്നതുവരെ അവർ മഖ്ബറ വിട്ട് പോകുകയില്ല. ഖാദിമിന്റെ തന്ത്രം അവർക്ക് അറിയുമായിരിക്കാം.

ഇതിനൊക്കെ പുറമെ ചില വിദഗ്ധന്മാർ മാരുണ്ടവിടെ. എന്തൊക്കയോ കുത്തിക്കുറിച്ച ചില കടലാസു തുണ്ടുകളും തകിടുകളും കയ്യിൽ പിടിച്ച് അവർ ഉറക്കെ വിളിച്ചു പറയുന്നുണ്ടാകും:'ഇതാ, ഇത് പ്രശ്നപരിഹാരത്തിനുള്ള തകിട്, ഈ മന്ത്രം അസൂയയിൽ നിന്നുള്ള രക്ഷക്ക്, ഇത് ഭയത്തിൽ നിന്നും, പേടിസ്വപ്നങ്ങളിൽ നിന്നുമുള്ള സുരക്ഷ മന്ത്രം, ഈ ഉറുക്ക് ഭക്ഷണലബ്ധിക്ക്, ഇത് പ്രമാണിമാരോടൊത്തുള്ള സഹവാസ ത്തിന്...' ഇങ്ങനെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ഉറുക്കുകളും മന്ത്രങ്ങളും വിറ്റു കാശാക്കുന്ന വിരുതൻമാർ എത്രയാണ്.

സിതാറ: എന്നു പേരിട്ട (സത്യത്തിൽ അത് സിതാറയല്ല സിനാറ-ചൂണ്ട-യാണ്)തുണിക്കഷ്ണം വിൽക്കുന്നവരും, നീലനിറം കൊടുത്ത്, ഏഴു തുളയിട്ട 'ഉമ്മു സബ്ഉ ഉയൂൻ' എന്നു പറയപ്പെടുന്ന കൽക്കഷ്ണം വിൽക്കുന്നവരും ദർഗകൾക്കു ചുറ്റും കാണാനാവും. തുളയിട്ട കല്ലുകൾ ഉപ്രദവങ്ങൾ തടുക്കുകയും കണ്ണേറിൽ നിന്നും സുരക്ഷ നൽകുകയും ചെയ്യുമത്രെ!!

അതെ, ഇവിടങ്ങളിലെ ഏതൊരു മഖാമിലും ദർഗയിലും ചെന്നാലും, ചുവന്ന തൊപ്പിയും പച്ചത്തലപ്പാവുമണിഞ്ഞ പാതിരിമാർ കാട്ടിക്കൂട്ടുന്ന അൽഭുതങ്ങൾ കാണാൻ നിരവധിയാണ്. എല്ലാവരുടേയും ആർത്തി നേർച്ചക്കിഴികളിലും കാണിക്കകളിലും, 'ഹഖുൽ ജദ്ദ്'എന്ന് വിളിക്കപ്പെടുന്ന കൈമടക്കുകളിലുമാണ്. സകലയെണ്ണവും ക്ലീൻ ഷേവ്ഡ് ആയിരിക്കും. കാര്യം നടക്കാൻ, കൈമടക്ക് ലഭിക്കാൻ ശരീരത്തിലെ തൊലി നീക്കം ചെയ്യാനും മടിയില്ലാത്ത വർഗം.

ഇവിടെ എല്ലാം പണത്തിൻമേലാണ് നടക്കുന്നത്. ഒരു മയ്യിത്തിനെ ഖബറടക്കണമെങ്കിൽ പോലും കുന്നുകണക്കിന് പണമിറക്കിയില്ലെങ്കിൽ നടക്കില്ലെന്ന നിലയാണ്. കുളിപ്പിക്കാൻ, കഫൻ ചെയ്യാൻ, തൽഖീനോതാൻ, ഖബറ് വലം വെക്കാൻ, മയ്യിത്ത് നമസ്കരിക്കാൻ, ഖബറ് കെട്ടിപ്പൊക്കാൻ, ദാഇമോതാൻ, പള്ളിയിൽ തഅ്സിയ്യത്ത് സംഘടിപ്പിക്കാൻ, മൂന്നിന് യാസീനോതുന്നതിന് ഉസ്താദ് വരാൻ... ഇതിനെല്ലാറ്റിലും മതിയായ പണമിറക്കാതെ ഒന്നും നടക്കില്ല. ഒരോ അടിക്കും ചെലവ് കൂടാതെ 'നാൽപതാം ദിനത്തിലെ' ചാവാടിയന്തിരം, ആണ്ടുറുതികൾ തുടങ്ങിയ മാമൂലുകളും.

ഏറെ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. സകല 'അന്ത്യവിശ്രമ കേന്ദ്ര'ങ്ങളും നിലകൊള്ളുന്നത് വഴിവക്കുകളിലോ, റോഡിൽ നിന്നും അൽപം മാത്രം അകന്നോ ആയിരിക്കും. മുമ്പില്ലാതിരുന്ന, പുതുതായി ഉണ്ടാക്കിയ റോഡുക്കരികിൽ പോലും ധാരാളമായി കാണാനാവുന്ന ഇത്തരം ദർഗകൾ 'സാങ്കൽപിക'ഖബറുകളാ കാനല്ലെ തരമുള്ളൂ? അതെ, വരുമാനത്തിനുള്ള വഴിവാണിഭങ്ങളാ ണിവയൊക്കെ. അല്ലെങ്കിൽ ഇത്ര കൃത്യമായ സ്ഥാനങ്ങളിൽത്ത ന്നെ മഖ്ബറകൾ 'പൊന്തി' വരുന്നതെങ്ങനെ?

താങ്കൾ ജഅ്ഫർ തയ്യാറിന്റെ മഖാം കാണുകയൊ അതിനെപ്പറ്റി കേൾക്കുകയൊ ചെയ്തിട്ടുണ്ടൊ? ജീവിതത്തിലൊരി ക്കലെങ്കിലും ഇറാഖിന്റെ മണ്ണു കണ്ടിട്ടല്ലാത്തയാളാണ് അദ്ദേഹം! ഹിജാസിൽ

നിന്ന് അബ്സീനിയയിലേക്കും അവിടെ നിന്നും ഹിജാസിലേക്കും അദ്ദേഹം യാത്ര ചെയ്തിട്ടുണ്ട്. ഖൈബർ യുദ്ധ ശേഷം ശാമിലേക്ക് സഞ്ചരിച്ചിട്ടുള്ള മഹാൻ മുഅ്ത: യുദ്ധത്തിൽ ശഹീദാവുകയുമാണുണ്ടായത്. അദ്ദേഹത്തിന്റെ ഖബറും ഇറാക്കിന്റെ മണ്ണിൽ!

മദീനയിൽ മരണപ്പെട്ട അവിടെത്തന്നെ മറമാടപ്പെട്ട ഇമാം ബാഖിറിന്റെ മഖാമും ഇവിടെത്തന്നെ!

ശുഐബ് നബി(അ)യുടെ ഖബറിടവും ഇവിടെയുണ്ട്. ഇറാഖിന്റെ മണ്ണിൽ മരിക്കാൻ മദ്‌യനിൽ നിന്നും ആ പ്രവാചകനെ കൊണ്ടുവന്നത് ആരാണെന്ന് പടച്ചവനറിയാം! രസമതല്ല, പ്രസ്തുത മഖാമിന്റെ പേര് 'മദ്‌യൻ നബിയുടെ മഖ്ബറ' എന്നാണ്. മദ്‌യനെന്നത് നബിയാണൊ, അതല്ല, ശുഐബ് നബി നിയോഗിക്കപ്പെട്ട ഗോത്രത്തിന്റെ പേരാണൊ എന്നു പോലും അറിയാത്ത വർഗം!

ഏറ്റവും വലിയ അൽഭുതം കേൾക്കണൊ, നരകത്തിന്റെ കാവൽക്കാരനായ മാലിക്ക് എന്ന മലക്കിന്റെ ദർഗപോലും ഇറാഖിലുണ്ട്!!

ഈ പറയപ്പെട്ട എല്ലാ ദർഗകൾക്കും രാജ്യത്തിന്റെ പലഭാഗങ്ങളിലും ശാഖകളുണ്ട് എന്നത് എടുത്ത് പറയേണ്ട കാര്യമാണ്.

ഇതൊക്കെ പറയുമ്പോൾ എന്റെ ശിയാ സഹോദരാ, നിനക്കെന്തു തോന്നുന്നു? എനിക്കു നേരെ ഗർജ്ജിക്കാൻ, അല്ലെങ്കിൽ മുഖം തിരിച്ചു നടക്കാൻ, അല്ലെ? സാരമില്ല, നിന്നിൽ നിന്നും എന്റെ കുടുംബക്കാരും കൂട്ടുകാരുമായ അധിക പേരിൽ നിന്നും ഞാൻ അതൊക്കെത്തന്നെയേ പ്രതീക്ഷക്കുന്നുള്ളൂ. ഞാൻ നിന്നോടു പറഞ്ഞല്ലൊ, ഈ ട്യൂമർ സാരമായതാണ്. ഇതിന് മേജർ ഓപ്പറേഷൻ തന്നെ നടത്തണം. ഒരു അനസ്തേഷ്യ പോലും നൽകാതെ നിനക്കു കാണാവുന്ന വിധമാണ് നിന്നെ ഞാൻ ഓപ്പറേഷനു വിധേയമാക്കുന്നത്. കാരണം നിന്റെ ബുദ്ധിയിലും ബോധമണ്ഡലത്തിലുമാണ് എനിക്ക് ഓപ്പറേഷൻ ചെയ്യാനുള്ളത്. മുമ്പ് പണ്ഡിത പാതിരിമാർ നിന്നെ മയക്കി കിടത്തുകയായിരുന്നു. ഒന്നും അറിയാതെ, പ്രതികരിക്കാതെ നീ മയങ്ങി കിടക്കണം എന്നത് അവരുടെ ആവശ്യമായിരുന്നു. ഓപ്പറേഷൻ കത്തി കാണുന്ന രോഗിയുടെ ഭയത്തിൽ അസ്വാഭാവികത ഒന്നുമില്ല. ഇപ്പോൾ നിന്റെ കാര്യത്തിലും അങ്ങിനെതന്നെ. സഹോദരാ, ഒരു കാര്യം : പക്വമതികൾക്ക് യോജിച്ചതല്ല ഈ ഭയന്നു നിലവിളി. രോഗഗ്രസ്തമായ ഒരു അവയവം നിന്നിൽ നിന്ന് മുറിച്ച് നീക്കുകയാണെങ്കിൽ പോലും സർജനോട് നിനക്കുണ്ടാവേണ്ടത് ആദരവും സ്നേഹവുമായിരിക്കണം, വെറുപ്പല്ല.

ഇന്നത്തെ ദർഗ സിയാറത്തുകൾ ജാഹിലിയ്യ കാലത്ത് മുശ്‌രിക്കുകൾ ഹജ്ജിൽ കഅ്ബയെ നഗ്നപ്രദിക്ഷണം നടത്തിയതുപോലെ ആയിത്തിർന്നിട്ടുണ്ട്. അക്കാലത്തേതു പോലെ നഗ്നരായ ആണുങ്ങളേയും പെണ്ണുങ്ങളേയുമല്ല അതിനേക്കാൾ മോശമായ നഗ്നരേയാണ് നാമിന്ന് കാണുന്നത്. കഅബയുടെ സമീപത്തു വെച്ച് വ്യഭിചാരത്തിലേർപ്പെടുകയും തന്നിമിത്തം അവർ രണ്ട് കല്ലുകളായി രൂപാന്തരപ്പെടുകയും ചെയ്ത'ഇസാഫി'ന്റെയും 'നാഇല'യുടേയും കഥ ജാഹിലിയ്യാക്കഥളിൽ നിന്ന് കേട്ടിട്ടുണ്ട്. ഇന്നും എത്രയോ ഇസാഫുമാരും നാഇലമാരും മഹാൻമാരുടെ മഖാമുകൾ ത്വവാഫു ചെയ്തു കൊണ്ടേയിരിക്കുന്നു. അവർക്കൊക്കെ രൂപാന്തരവും സംഭവിച്ചു കൊണ്ടിരിക്കുന്നുണ്ട്. കണ്ണുകൾക്കല്ല, നെഞ്ചിനുള്ളിലെ ഹൃദയങ്ങൾക്കേ ആ രൂപ മാറ്റം കാണാനാകൂ!

**രേഖകൾ എന്തു പറയുന്നു?**

ദർഗാ സിയാറത്തിന്റെ പോരിശകൾ ശിയാ ഗ്രന്ഥങ്ങളിൽ ഞാനൊരുപാട് വായിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ വിശുദ്ധ ഭവനത്തിൽ ചെന്ന് ഹജ്ജു ചെയ്യുന്നതിനേക്കാൾ, മസ്ജിദുന്നബവി സിയാറത്തു ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠമായ ദർഗാ സിയാറത്തെന്ന് അവയിൽ വിശദീകരിച്ചിട്ടുള്ളത്!

കുലൈനിയുടെ അൽ കാഫീ എന്ന ഗ്രന്ഥത്തിൽ നിന്നുള്ള ഈ ഉദ്ധരണി വായിക്കുക:'' അബൂ അബ്ദില്ലയിൽ നിന്നും ഉദ്ധരിക്കുന്നത്: അദ്ദേഹം പറഞ്ഞിരിക്കുന്നു. അറഫ ദിവസം ഹുസൈനി(റ) ന്റെ ഖബ്റിടത്തിൽ വന്ന് യൂഫ്രട്ടീസ് നദിയിൽ കുളിച്ച് കയറി അതിന്നു നേർക്ക് തിരിഞ്ഞു നിന്നു പ്രാർഥിച്ചാൽ അവന്റെ ഓരോ കാലടിക്കും അല്ലാഹു സമ്പൂർണ്ണമായ ഹജ്ജിന്റെ പ്രതിഫലം രേഖപ്പെടുത്തിവെക്കും. ഓരോ യുദ്ധത്തിന്റെ പ്രതിഫലം എന്നാണൊ പറഞ്ഞത് എന്നെനിക്കറിയില്ല.''

(ഫുറൂഉൽ കാഫി: 4/580)

പരിശുദ്ധമാക്കപ്പെട്ട കഅ്ബയുടേതിനേക്കാൾ മഹത്വമാണ് കർബലക്കുള്ളതെന്ന കവിതാശകലം വളരെ പ്രസിദ്ധമാണ്:

''കർബലയും കഅ്ബയും,

അവയുടെ മഹത്വം വിശദീകരിക്കപ്പെട്ട ഹദീസിൽ

കർബലക്കു തന്നെയാണ് കൂടുതൽ പദവിയും ഔന്നി ത്യവും.''

കർബലയുടേയും കഅ്ബയുടേയും പോരിശ പറയുന്ന ഹദീസ് അബൂ അബ്ദുല്ല (റ) യുടെ പേരിൽ കെട്ടിയുണ്ടാക്കിയ കള്ള ഹദീസാണ്. അതിങ്ങനെ:

''അല്ലാഹു കഅ്ബക്കു വഹ്യു നൽകി: കർബലയുടെ മണ്ണില്ലായിരുന്നെങ്കിൽ കഅബേ, നിനക്ക് ഞാൻ മഹത്വം നൽകില്ലായിരുന്നു. കർബലാ ഭൂമിയിൽ മറമാടപ്പെട്ട മഹാനില്ലാ യിരുന്നുവെങ്കിൽ നിന്നെയൊ, നീയിന്നഭിമാനം കൊള്ളുന്ന ഭവനത്തേയൊ ഞാൻ സൃഷ്ടിക്കുക പോലുമില്ലായിരുന്നു. അതിനാൽ നീ സന്തോഷിക്കുക, കർബലയുടെ മുന്നിൽ അഹങ്കാരമില്ലാതെ, അവഗണനയില്ലാതെ, വിനയാന്വിതയായി നീ നിലകൊള്ളുക. അല്ലെങ്കിൽ നിന്നോടു ഞാൻ കോപിക്കും. നിന്നെ ഞാൻ നരകാഗ്നിയിലേക്ക് ആഴ്ത്തും.'' (മജ്‌ലിസിയുടെ ബി ഹാറൂൽ അൻവാർ)

എങ്ങനെയുണ്ട്? ഈ പിഴച്ച വിശ്വാസം പിന്തുടരുന്ന എത്രയെത്ര പണ്ഡിതൻമാരാണെന്നൊ നമ്മുടെ കൂട്ടത്തിൽ? യാതൊരു ഭയമൊ, ആരുടെയെങ്കിലും എതിർപ്പൊ കൂടാതെ എപ്പോഴും അവർ ഈ വാറോല ഉദ്ധരിച്ചു കൊണ്ടേയിരിക്കുന്നു!

ഒരു ശൈഖിനോടൊരാൾ ചോദിച്ചു: ''എന്തുകൊണ്ടാണ് അലി(റ) യുടെ ഖബറിന് കഅബയേക്കാൾ മഹത്വം?''

അയാൾ മറുപടി നൽകി: ''ഉന്നതനായ അല്ലാഹുവിന്റെ നാമത്തിൽ: താങ്കൾ ചോദിച്ചതിനുള്ള വ്യക്തമായ ചില തെളിവുകൾ ഞാൻ വിവരിച്ചു തരാം. ബൈത്തുൽ ഹറമിനേക്കാൾ കർബലക്ക് മഹത്വമുണ്ട് എന്ന് വ്യക്തമാക്കുന്ന ഹദീസ് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അലി (റ) ഹുസൈനി (റ) നേക്കാൾ മഹത്വമുള്ളവരാണെന്ന് അതു സംബന്ധിച്ചു വന്ന ഹദീസുകളിൽ നിന്നും നമുക്കറിയാം. അപ്പോൾ ഹുസൈനിന്റെ ഖബറിനേക്കാൾ മഹത്വം അലിയുടേതിനാണെന്ന് മനസിലായില്ലെ. അതിനാൽ കഅ്ബയേക്കാൾ ശ്രേഷ്ഠത അലിയുടെ ഖബറിനു തന്നെയാണ്!! (കൂടുതൽ വിശദീകരണം ഹജ്ജിനെ സംബന്ധിച്ച് വിശദീകരിക്കു ന്നിടത്ത് വരുന്നുണ്ട്)

ചുരുക്കത്തിൽ, മേൽ പ്രസ്താവിക്കപ്പെട്ടവ മുഴുവൻ അഹ്‌ലുൽ ബൈത്തിന്റെ- അവർ അഗ്നിയാരാധകരും നിരീശ്വരവാദികളും അല്ല, മുസ്‌ലിമുകളും കറകളഞ്ഞ സന്മാർഗികളും ആയിരിക്കുന്നിട ത്തോളം-പാരമ്പര്യത്തിന് വിരുദ്ധമാണ്.

സഹോദരാ, താഴെ കൊടുക്കുന്ന  ചില മസ്അലകളെപ്പറ്റി ഗൗരവപൂർവ്വം ഒന്നാലോചിച്ചു നോക്കുക:

''മസ്ജിദുന്നബവിയിലെ ഒരു നേരത്തെ നമസ്കാരം പതിനായിരം നമസ്കാരത്തിന്നു തുല്യമാണ്''(മിൻഹാജു സ്വാലിഹീൻ: 1/47)

''ഇമാമുകളുടെ സന്നിധാനങ്ങളിൽ വെച്ച് നമസ്കരിക്കുന്നത് മുസ്തഹബ്ബാണ്, എന്നല്ല പള്ളികളിൽ വെച്ചുള്ളതിനേക്കാൾ ശ്രേഷ്ഠമാണ്''(മിൻഹാജു സ്വാലിഹീൻ:1/47)

''ഒരു ഹദീസിൽ വന്നിട്ടുണ്ട്: അലി(റ) യുടെ ഖബറിടത്തിൽ വെച്ചു നിർവഹിക്കുന്ന നമസ്കാരം രണ്ടുലക്ഷം നമസ്കാരത്തിനു തുല്യമാണ്.''(മിൻഹാജു സ്വാലിഹീൻ1/47 )അഥവാ മസ്ജിദുന്ന ബവിയിലെ നമസ്കാരത്തിനുള്ളതിനേക്കാൾ ഇരുപതിരട്ടി പ്രതിഫലം എന്നർത്ഥം!

**അതിശയകരമായ വൈരുദ്ധ്യങ്ങൾ**

അല്ലാഹു തന്റെ ഗ്രന്ഥത്തെപ്പറ്റി വിശദീകരിച്ചു തരുന്നത് ഖുർആനിലുണ്ട്. അതിങ്ങനെ വായിക്കാം:

''അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാദൃശ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം''.(സുമർ:23)

ഈ ഗ്രന്ഥം സത്യസന്ധമല്ലായിരുന്നെങ്കിൽ അത് പരസ്പരവിരുദ്ധ പ്രസ്താവങ്ങളുടെ ഗ്രന്ഥമാകുമായിരുന്നു.  മാത്രമല്ല ഓരോ ആയത്തുകളും അന്യോന്യം സത്യപ്പെടുത്തും വിധം

സാദൃശ്യവചനങ്ങൾ(മുതശാബിഹ്) ആകുകയുമില്ലായിരുന്നു. അതു കൊണ്ടു തന്നെയാണ് അല്ലാഹു പറഞ്ഞത്:

''അവർ ഖുർആനിനെപ്പറ്റി ചിന്തിച്ചിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം അവിടെ കണ്ടെത്തുമായിരുന്നു.'' (നിസാഅ് : 82)

എവിടെ വൈരുദ്ധ്യമുണ്ടൊ അവിടെ അസത്യം നിലനിൽക്കു ന്നുണ്ടാകും.

എന്നാൽ അഹ്‌ലുൽ ബൈത്തിലേക്ക് ചേർത്തു പറയപ്പെട്ട ആധികാരിക ഗ്രന്ഥങ്ങളെ വിശകലന വിധേയമാക്കിയപ്പോൾ അത്ഭുതങ്ങളാണ് എനിക്കവയിൽ കാണാനായത്!! ഒരൊറ്റ പുസ്തകത്തിൽ തന്നെ ഒരു പ്രശ്നത്തിനു നൽകിയ ഫത്‌വക്കു വിരുദ്ധമായി അതിന്റെ തൊട്ടടുത്ത് മറ്റൊരു ഫത്‌വ. പ്രസ്തുത ഗ്രന്ഥങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരുത്തന് 'സിദ്ധീഖി'ൽ നിന്ന് 'സിന്ദീഖി' (നിരീശ്വരവാദി)ലെത്താൻ പറ്റും വിധം, വേണ്ടതെടുത്തും വേണ്ടാത്തവ കളഞ്ഞും പോകാവുന്ന പ്രവിശാല മൈതാനമാണ് തുറന്നു കിട്ടുന്നത്. അതു കൊണ്ടാണ് ഇമാം സാദിഖ്(റ), തന്റെ പേരിൽ കള്ള ഹദീസുകൾ പെരുകി വരുന്നതു ശ്രദ്ധയിൽപ്പെട്ടപ്പോൾ ശരിയായ ഹദീസേത് കള്ള ഹദീസേത് എന്ന് തിരിച്ചറിയാൻ ഒരു മാനദണ്ഡം നിശ്ചയിച്ചത്. അദ്ദേഹം പറഞ്ഞു: ''അല്ലാഹുവിന്റെ ഖുർആനിനോട് യോജിച്ചു വരുന്നവ നിങ്ങൾ സ്വീകരിക്കുക. അതിനു വിരുദ്ധമായി കാണുന്നവ തിരസ്കരിക്കു കയും ചെയ്യുക.'' (ഉസൂലുൽ കാഫി: 1/69)

എന്നാൽ, ഈ സുവർണ്ണ നിയമം നിലനിൽക്കുമ്പോഴും കാര്യങ്ങൾ പഴയപടി തന്നെ. ഭൂരിഭാഗം വിഷയങ്ങളിലും, അഥവാ മതത്തിന്റെ അടിസ്ഥാനപരവും അനിവാര്യവുമായ കാര്യങ്ങളിൽ വരെ അല്ലാഹുവിന്റെ ഗ്രന്ഥത്തിന് വൈരുദ്ധ്യം പുലർത്തുന്ന പ്രസ്താവങ്ങളാണ് തുടർന്നു പോരുന്നത്.

ഇമാം ബാഖിറിന്റെ ഈ പ്രസ്താവന വായിക്കുക:

''അല്ലാഹുവിന് ഇതിനേക്കാൾ ഏറെ ഇഷ്ടമുള്ള ഒന്നിനേയും ഭൂമുഖത്ത് അവൻ സൃഷ്ടിച്ചിട്ടില്ല, എന്നിട്ട് അദ്ദേഹം കഅ്ബയുടെ നേർക്ക് വിരൽ ചൂണ്ടി, അല്ലാഹുവിങ്കൽ ഇതിനേക്കാൾ ആദരണീയമായ മറ്റൊന്നും തന്നെയില്ല. ആകാശഭൂമികളെ സൃഷ്ടിച്ചേടം മുതൽ പവിത്രമാസങ്ങളെക്കൊണ്ട് അതിനെ ബഹുമാനിച്ച സംഗതി അവന്റെ ഗ്രന്ഥത്തിലുണ്ട്.'' (ഫുറൂഉൽ കാഫി:4/240)

ഇവിടെ ചില ഉദാഹരണങ്ങൾ മാത്രം പറഞ്ഞു പോകുകയാണ്. ഉദ്ധരിക്കാൻ എമ്പാടുമുണ്ട്. പലതും മാറ്റിവെക്കു കയാണ്.

**നമുക്ക് വേണ്ടതെന്ത്?**

നമ്മുടെ ആധികാരിക ഗ്രന്ഥങ്ങളിൽ കടന്നുകൂടിയ സ്കലിതങ്ങളേയും അടിസ്ഥാനരഹിതമായ രിവായത്തുകളേയും വിഡ്ഢിത്തം നിറഞ്ഞ ഹദീസുകളേയും, സത്യദാഹികളായ പൊതുജനത്തിന്റെ സഹകരണത്തോടെ തുടച്ചു നീക്കി, അവയെ ശുദ്ധീകരിക്കാൻ ധീരൻമാരായ കുറച്ചു പണ്ഡിതൻമാരേയാണ് നമുക്കാവശ്യം. അത് നടക്കാത്ത കാര്യമൊന്നുമല്ല. ഇമാം ബാഖിർ(റ) പറഞ്ഞതുപോലെ, നാം അല്ലാഹുവിന്റെ ഖുർആനിനെ മുറുകെപ്പിടിക്കുകയും സകല കാര്യങ്ങൾക്കും അതിനെത്തന്നെ അവലംബമാക്കുകയും ചെയ്യണമെന്നു മാത്രം.

അതിനു പറ്റിയ പൊതു നിയമം നമ്മുടെ കയ്യിൽ തന്നെയുണ്ടല്ലൊ. ''ബുദ്ധിക്കോ ഖുർആനിക രേഖകൾക്കൊ, ശരീഅത്തിന്റെ അടിസ്ഥാന നിയമങ്ങൾക്കൊ നിരക്കാത്ത ഒരു ഹദീഥു കണ്ടാൽ, അറിയുക, അത് ബാത്വിലും കെട്ടിച്ചമച്ച തുമാകുന്നു.''

**പുതിയ തലമുറയോട് ഒരല്പം**

സഹോദരങ്ങളേ, നിങ്ങളോടെനിക്ക് ആഹ്വാനം ചെയ്യാനുള്ളത് നിങ്ങൾ ഖുർആനിലേക്ക് തിരിച്ചു പോകണം എന്നാണ്. എന്നിട്ട് നമ്മുടെ അവലംബ കൃതികളിലും ആധികാരിക രേഖകളിലും കാണുന്ന കാര്യങ്ങളെ അതുമായി തട്ടിച്ചു നോക്കുക. അതിനോട് യോജിക്കുന്നവയൊക്കെ നിലനിർത്തുകയും അതിനു വിരുദ്ധമായവയെ മുഴുവനും തിരസ്കരിക്കുകയും ചെയ്യുക.

സഹോദരങ്ങളേ, നിങ്ങളിന്നു നിലകൊള്ളുന്ന നിങ്ങളുടെ ദീൻ ഭൂരിഭാഗവും ഈ വിശുദ്ധ ഗ്രന്ഥത്തിന് നേർവിപരീതമാണ്. നിങ്ങളുടെ നായകത്വം ആരെയാണോ നിങ്ങൾ വിശ്വസിച്ചേൽപ്പിച്ചിരിക്കുന്നത് അവർ നിങ്ങളെ വഞ്ചിക്കുകയും വിപത്തു ഭയന്ന് സത്യം മൂടിവെച്ച് കഴിയുകയുമാണ്.

ഇവിടെ വളരെ ചെറിയ മൂന്നാമതൊരു വിഭാഗമുണ്ടെ ന്നറിയാം - അവരുടെ എണ്ണം വർദ്ധിക്കുന്നുണ്ടെന്ന് ഞാൻ മനസിലാക്കുന്നു - അവർ സത്യം പറഞ്ഞു കൊണ്ടിരിക്കുന്നുണ്ട്. പക്ഷെ എന്തുണ്ട് കാര്യം? അട്ടഹാസങ്ങൾക്കും ആരോപണ ങ്ങൾക്കും, ഭീഷണികൾക്കും, കുപ്രചരണങ്ങൾക്കുമൊക്കെ നടുവിൽ എല്ലാം വ്യഥാ ശബ്ദങ്ങളായി ഒടുങ്ങുന്നു. അവരുടെ ജീവിതം പോലും അതിന്നു വിലയായി നൽകേണ്ടി വരുന്ന അവസ്ഥ!!!

**ചരിത്രവധ ശൈലി**

സത്യത്തെ നശിപ്പിക്കാനും യാഥാർത്ഥ്യങ്ങൾക്കു തടയിടാനും അവയുടെ ശത്രുക്കൾ ഉപയോഗിച്ചുപോന്ന ഏറ്റവും അപകടകാരിയായ ശൈലിയാണിത്. ഖേദകരമെന്ന് പറയട്ടെ, സാർവത്രികമായും ആസൂത്രിതമായി ഇന്നും അവലംബിക്കപ്പെടുന്ന ഈ ശൈലി വിഷം പുരട്ടിയ കത്തിപോലെ നിലനിൽക്കുകയാണ്. പ്രതിയോഗികളുടെ ശബ്ദങ്ങൾ, അയഥാർഥ്യങ്ങളുടെയും, ഊഹാപോഹങ്ങളുടെയും കരിമേഘങ്ങൾക്കുള്ളിൽ ജീവിക്കുന്ന സാധുജനങ്ങളിലേക്കെത്തും മുമ്പെ അവരെത്തന്നെ ഇല്ലായ്മ ചെയ്യുന്നതിൽ ഈ ആയുധം പരാജയപ്പെടാറില്ല!! അസത്യവും അതിന്റെ ആളുകളും നടപ്പിലാക്കിപ്പോന്ന വളരെ പഴകിയ കളിയാണിത്. ഇന്നും ആവർത്തിക്കപ്പെടുന്നതിനാൽ പുതുമയുള്ള തെന്നും പറയാം. വസ്തുതകൾ മനസിലാക്കുന്നതിൽ നിന്നും മനുഷ്യരെ തടഞ്ഞു നിർത്തുന്ന ഈ കുതന്ത്രക്കളി, സത്യത്തിന്റെയും ശരിയായ ജ്ഞാന ശാസ്ത്രത്തിന്റെയും തുലാസിൽ പരാജയപ്പെടു മെങ്കിലും, വിജയിച്ചു കൊണ്ടേയിരിക്കുകയാണ്.

അതെ, ഇത് എല്ലാ അർത്ഥത്തിലും താഴെ പറയുന്ന നാടൻ പ്രയോഗത്തിന്റെ പ്രതിരൂപമാണ്:

''സത്യം സൈദാണൊ പറഞ്ഞത്, എങ്കിൽ ഞാനതു കേൾക്കില്ല!

പറഞ്ഞതാരാ? അംറാണൊ? എങ്കിൽ അവൻ പറഞ്ഞതാണു സത്യം!!''

ഈ കുതന്ത്രക്കാർക്ക്, അതു കൊണ്ടു തന്നെ, മില്യൻ കണക്കിനു മനുഷ്യരെ ആട്ടിൻപറ്റങ്ങളാക്കി മാറ്റി തങ്ങളുദ്ദേശി ക്കുന്നിടത്തേക്ക് തെളിച്ചു കൊണ്ടുപോകാൻ നിഷ്പ്രയാസം സാധിക്കുന്നു. എന്തുകൊണ്ടില്ല? അംറിന്റെ കുപ്പായവും അവന്റെ വടിയുമണിഞ്ഞല്ലെ നടപ്പ്. ഈ ആടുകളുടെ കരച്ചിലിന് എത്ര മാധുര്യം!!!

**''ആളെ നോക്കിയാൽ സത്യമറിയില്ല. സത്യത്തെ അറിയുക. എങ്കിൽ സത്യവാൻമാരെ മനസിലാക്കാം''**

ഇത് അലി(റ) സ്ഥാപിച്ച ബലവത്തായ ശാസ്ത്രീയ നിയമമാണ്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഞാനാദ്യം ശ്രദ്ധിക്കേണ്ടത് എന്നിലേക്കെത്തുന്ന വാർത്തയെയാണ്. പിന്നീടാണ് അതു പറഞ്ഞയാൾ സത്യവാനാണൊ അസത്യവാന ണൊ എന്ന് തീരുമാനിക്കേണ്ടത്. നേരെ മറിച്ചല്ല എന്നർത്ഥം.

ജ്ഞാനം എവിടെക്കണ്ടാലും കൈക്കലാക്കേണ്ട, വിശ്വാ സിയുടെ കളഞ്ഞുപോയ സ്വത്താണെന്നത് വാസ്തവം തന്നെയല്ലെ?

എങ്കിൽ, നിങ്ങളീ പുസ്തകം വായിക്കരുത്. അത് എഴുതിയ വ്യക്തി ഇന്ന ചാരസംഘടനയുടെ ഏജന്റാണ്, ആ പുസ്തകം നശിപ്പിക്കൂ, അതിന്റെ ഗ്രന്ഥകാരൻ ഇന്ന കോക്കസിന്റെ പിടിയിൽ ജോലി നോക്കുന്നവനാണ്, ഈ ഖത്തീബിനെ അവഗണിക്കുക, മറ്റയാളെ കൊല്ലുക, അയാൾ തെമ്മാടിയാണ്, ഇയാൾ മതദ്വേഷിയാണ് എന്നൊക്കെ പറയുന്നത് എന്തു കൊണ്ടാണ്? ഒന്നുമില്ല, ചിലർ അന്നുവരെ പാലിച്ച ശീലങ്ങൾക്ക് അയാൾ വിരുദ്ധം പറയുന്നു എന്നതു കൊണ്ടു മാത്രം. സത്യത്തിലിത് ജനബുദ്ധിയെ നിന്ദിക്കലും കയ്യടക്കി വെക്കലുമാണ്. ഇത് ബൗദ്ധിക ഭീകരതയാണ്. മതനിന്ദയാണ്. വഴിവാണിഭക്കാർക്കു മാത്രം യോജിക്കുന്ന കുതന്ത്രമാണ്.

ഈ അപവാദ പ്രചരണ ശൈലിയുടെ അവസ്ഥ എത്രവരെ എത്തി നിൽക്കുന്നുവെന്നോ? തങ്ങൾക്കിഷ്ടമില്ലാത്ത ഒരു പണ്ഡിതനെ ചൂണ്ടിക്കൊണ്ട്, അയാൾ തന്തയില്ലാത്തവനാണ്, അല്ലെങ്കിൽ ആരോ എടുത്തു വളർത്തിയതാണ്, അവന്റെ ഉമ്മ അങ്ങനെയാണ്, അവന്റെ പെങ്ങൾ ഇങ്ങനെയാണ്, എന്നൊക്കെ പഴിപറയുന്നിടത്താണ്.

നമ്മുടെ ജീവിതത്തെ തകർത്തു കൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ് ഈ അപവാദ പ്രചരണം, കഷ്ടം! ഒരു ജൂതനോ, ക്രിസ്ത്യാനിയോ, ഏതു നാട്ടുകാരാനോ, മതക്കാരനോ ആകട്ടെ, സംഭവം സത്യമാണെങ്കിൽ പോലും, തന്റെ സംസാരത്തിൽ എടുത്തു പറയാവുന്നതാണൊ നമ്മുടെ ബുദ്ധി വിനഷ്ടമായത്?!

ദീനി വിജ്ഞാന മേഖലയിലെ മഹാ പ്രതിഭയായിരുന്ന അബുൽ ഹസൻ ഉസ്ഫുഹാനിയുടെ പേരക്കുട്ടി ഡോക്ടർ മൂസൽ മൂസവിയുടേയും അദ്ദേഹത്തെ പോലുള്ള മറ്റു പണ്ഡിതരുടേയും വാക്കുകൾ ജനമധ്യത്തിൽ നീരാവിയായിത്തീർന്നത് അവർക്കെതി രിലുള്ള ഇതേ അപവാദ പ്രചരണം നിമിത്തമായിരുന്നു.

സഹോദരാ, അദ്ദേഹത്തിന്റെ വാക്കുകൾക്ക് അൽപം ചെവി കൊടുക്കുക:''അല്ലാഹു അല്ലാത്തവരോട് സഹായാഭ്യർത്ഥനകൾ നടത്തുന്നതും, അല്ലാഹുവിന്റെ ആധിപത്യത്തിൽ മറ്റുള്ളവരെ പങ്കുചേർക്കുന്നതും, ശിയാക്കളിൽ നിന്നുടലെടുത്തിട്ടുള്ള ഔലിയാക്കൻമാരുടേയും ഇമാമീങ്ങളുടേയും ഖബറിടങ്ങളിൽ കാട്ടിക്കൂട്ടുന്ന കാര്യങ്ങളും ഈ ദുനിയാവിൽ നാമിന്നനുഭവിച്ചു കൊണ്ടിരിക്കുന്ന സകല ദുരിതങ്ങളോടും നേർക്കുനേർ ബന്ധമുള്ളവയാണ്. .. ഉത്തരം നൽകാനാകാത്ത മനുഷ്യരോട് ആവശ്യ നിവർത്തിക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനേക്കാൾ മറ്റൊരു ദുരിതം നമുക്കു വരാനുണ്ടൊ? പ്രാർത്ഥനക്കുത്തരം കിട്ടാത്തിടങ്ങളിൽ ദുആയിരന്നു കഴിയുന്നതിനേക്കാൾ വേറൊരു ദുരന്തമുണ്ടൊ നമുക്ക്? അല്ലാഹു അവന്റെ പ്രവാചകന്ന് അവതരിപ്പിച്ചു നൽകിയ വിശുദ്ധ ഖുർആനിൽ പ്രാർത്ഥനകൾക്കു ത്തരം കിട്ടാൻ അല്ലാഹുവിലേക്ക് നേർക്കു നേരെ അടുക്കുക എന്നാണവശ്യപ്പെടുന്നത്. ''നിങ്ങൾ എന്നോടു പ്രാർത്ഥിക്കുക, ഞാൻ നിങ്ങൾക്കുത്തരം നൽകും'' (ഗാഫിർ:60).''എന്നോടല്ലാതെ, പ്രവാചകനോടൊ, ഇമാമിനോടൊ, നിങ്ങൾ പ്രാർത്ഥിക്കുവീൻ. ഞാൻ നിങ്ങൾക്കു ഉത്തരം തരാം അല്ലെങ്കിൽ അവർ നിങ്ങൾക്കുത്തരം തരും'' എന്നല്ല അല്ലാഹു പറഞ്ഞത്. (ലോകശിയാക്കളെ, ഉണരൂ, ഡോ.മൂസ അൽമൂസവി, പേജ്:55)

അദ്ദേഹം വീണ്ടും പറയുന്നു:''മുഹഖിഖും മുഹദ്ദിസുമായ ഇമാം അൽ ഹുർറുൽ ആമിലിയുടെ 'വസാഇലുശ്ശീആ' എന്ന ഗ്രന്ഥത്തിന്റെ ഒന്നാം വാള്യം രണ്ടാം ഭാഗത്തിൽ, പേജ് 869ൽ ഇങ്ങനെ വായിക്കാം: അബൂ അബ്ദുല്ലയിൽ നിന്നും ഉദ്ധരിക്കുന്നത്: അമീറുൽ മുഅ്മിനീൻ പറഞ്ഞു, 'ഒരൊറ്റ രൂപവും നീ തകർക്കാതെ വിടരുത്, ഒരൊറ്റ ഖബറും നീ നിരപ്പാക്കാതെ ഒഴിവാക്കരുത്.'

അലി ബ്ൻ ജഅ്ഫറിൽ നിന്നു ഉദ്ധരിക്കുന്നത്: ഖബറിൻമേൽ എടുപ്പുണ്ടാക്കുന്നതും അതിൻമേൽ ഇരിക്കുന്നതും ശരിയാണോ എന്ന് അബുൽ ഹസൻ മൂസ(അ) യോട് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഖബറിൻമേൽ എടുപ്പുണ്ടാക്കുന്നത് അനുവദനീയമല്ല.

അബൂ അബ്ദുല്ലയിൽ നിന്നും ഉദ്ധരിക്കുന്നത്:''ഖബറിലേക്ക് തിരിഞ്ഞു നമസ്കരിക്കുന്നതും അതിൻമേൽ ഇരിക്കുന്നതും റസൂൽ (സ) നിരോധിച്ചിരിക്കുന്നു.'' (ലോകശിയാക്കളേ ഉണരൂ, ഡോ,. മൂസ അൽമൂസവി, പേജ്:56, ഹാശിയ)

കാലങ്ങളായി ഇത്തരം ഹദീസുകൾ പൊതുജനത്തിനു കാണാനാകാത്തവിധം ഉറയിലിട്ട് ഒളിപ്പിച്ചു വെക്കപ്പെട്ടിരി ക്കുകയാണ്. എത്രവരെയെന്നാൽ, ഒരാൾ പ്രസ്തുത ഹദീസു കളുടെ ഉള്ളടക്കങ്ങൾ, തെളിവുകളായി ഉദ്ധരിക്കുകയാണെങ്കിൽ അവൻ 'വഹാബി' എന്നാണ് മുദ്രകുത്തപ്പെടുക, അവ പ്രവാചകത്വ ഭവനത്തിൽ നിന്ന, അതിന്റെ വിളക്കുമാടത്തിൽ നിന്ന് ഉദ്ധരിക്ക പ്പെട്ടവയാണെങ്കിലും ശരി. അതുകൊണ്ടു തന്നെ ഭൂരിഭാഗവും പണ്ഡിതൻമാരും ഇവ്വിധ ഹദീസുകളുദ്ധരിച്ച് സംസാരിക്കുന്നതിൽ നിന്നും അകന്നു നിൽക്കാറാണ് പതിവ്. ഫലമോ? സത്യം വിനഷ്ട മായി. ഇമാമുകളിൽ നിന്നും റിപ്പോർട്ടു ചെയ്യപ്പെട്ട സ്വഹീഹായ ഹദീസുകൾ അന്യംനിന്നു പോയി. അല്ലെങ്കിലും നമുക്കും താഴെക്കൊടുക്കുന്ന ഹദീസുകൾക്കും തമ്മിൽ എന്തു ബന്ധമാ ണുള്ളത്?:

ഇമാംഅലിബ്ൻഹസൻ (അ) പറഞ്ഞു: ''നബി(സ) പറഞ്ഞിരിക്കുന്നു, അല്ലാഹുവിനെക്കൊണ്ടല്ലാതെ നിങ്ങൾ സത്യം ചെയ്യരുത്. അവനെക്കൊണ്ട് ആര് സത്യം ചെയ്തുവൊ അവനെ നിങ്ങൾ വിശ്വസിക്കുക''. (പേജ് 44 നോക്കുക)

മുഹമ്മദ് മുസ്ലിമിൽ നിന്നും ഉദ്ധരിക്കപ്പെട്ട ഒരു ഹദീസ് കാണുക: അദ്ദേഹം ഒരിക്കൽ അബു ജഅ്ഫറി (റ) നോട് ചോദിച്ചു:''രാവിനെത്തന്നെയാണെ സത്യം: അത് മൂടിക്കൊണ്ടിരി ക്കമ്പോൾ'' (ലൈൽ:1) ''നക്ഷത്രം അസ്തമിക്കുമ്പോൾ അതിനെ ത്തന്നെയാണെ,സത്യം.'' (നജ്മ്:1) തുടങ്ങിയ ആയത്തുകൾ കൊണ്ടുള്ള താത്പര്യമെന്താണ്? അദ്ദേഹം പറഞ്ഞു ''അല്ലാഹു അവന്റെ സൃഷ്ടികളിൽ നിന്ന് അവനുദ്ദേശിക്കുന്നവ കൊണ്ട് സത്യം ചെയ്തു പറയുന്നു. എന്നാൽ

സൃഷ്ടികൾ അല്ലാഹുവിനെ കൊണ്ടല്ലാതെ സത്യം ചെയ്ത് പറയാവതല്ല''. (കീലീനിയുടെ ഫുറൂഉൽ കാഫി, 7/449 )

അബൂ അബ്ദുല്ലയെ തൊട്ട് സമാഅഃ ഉദ്ധരിക്കുന്നത്. ഞാൻ ചോദിച്ചു: '' ജൂത ക്രൈസ്തവ മജൂസികളുടെ ദൈവങ്ങളെകൊണ്ട് സത്യം ചെയ്യാമൊ?''അദ്ദേഹം പറഞ്ഞു: ''അല്ലാഹുവിനെകൊണ്ടല്ലാതെ മറ്റൊരാളെകൊണ്ടും സത്യം ചെയ്തു കൊണ്ടു പറയൽ അനുവദനീയമല്ല.'' (കുലൈനിയുടെ ഫുറൂഉൽ കാഫി, 7/451)

ഫുറൂഉൽ കാഫിയുടെ ടിപ്പണി (ഹാശിയ)യിൽ, ജൂതരുടെ ദൈവം എന്നത് കൊണ്ട് 'ഉസൈർ' പ്രവാചകനെയായിരിക്കും ഉദ്ദേശിച്ചിരിക്കുക എന്നുണ്ട്. അവരിൽ ചിലർ അദ്ദേഹത്തെ അല്ലാഹുവിന്റെ പുത്രനായിട്ടാണല്ലൊ കാണുന്നത്.

മേൽ പ്രസ്താവിക്കപ്പെട്ട ഹദീസുകൾ മുന്നിൽ വെച്ച് ഇനി പറയുക, നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി (സ) യും ഇമാം സൈനുൽ ആബിദീനും ഇമാം സ്വാദിഖുമൊക്കെ 'വഹാബി'കളാ യിരുന്നൊ? 'നഹാബി'കളേ (അത്യാഗ്രഹികളേ ) നിങ്ങളുടെ കാര്യം കഷ്ടം.

പൊതുജനങ്ങളിൽ നിന്ന് അഥവാ പൊതുധാരാ വിശ്വാസങ്ങളിൽ നിന്ന് മാറി സംസാരിച്ചതിന് വിവിധ തരം പീഡനങ്ങൾക്കും മ്ലേഛമായ അപവാദങ്ങൾക്കും വിധേയരായ ഒരുപാട് പരിഷ്കർത്താക്കൾ നമുക്കിടയിലുണ്ട്. വധശിക്ഷയിൽ ജീവിതം കലാശിച്ച ഇറാനിലെ അലി ശരീഅത്തി ഒരു ഉദാഹരണം മാത്രം. സ്വഫ്‌വി ശീആയിസത്തിനും അലവി ശീയാസത്തി നുമിടയിലെ നെല്ലും പതിരും വേർതിരിക്കാൻ ശക്തമായ പ്രബോധന പ്രവർത്തനത്തിലേർപ്പെട്ടു എന്നതാണ് അദ്ദേഹം ചെയ്ത തെറ്റ്.

എന്താണ് ഈ രണ്ട് ശിയാഇസവുമെന്ന് ശരീഅത്തി വിശദീകരിക്കുന്നുണ്ട്. സ്വഫ്‌വീ ശീയാഇസമെന്നാൽ ശിർക്കിന്റെ, ജഹ്‌ലിന്റെ, ഖുറാഫാത്തിന്റെ വിളനിലമാണ്. അതിനെയൊരിക്കലും യഥാർത്ഥ ദീനിന്റെ മൻഹജായി പരിഗണിക്കാനെ കഴിയില്ല. സ്വഫ്‌വി ഭരണാധികാരികളുടെ താത്പര്യങ്ങൾക്കൊത്തുള്ള കൈകടത്തലു കളാണ് അവ. ശിർക്കിന്റെ പരിധിയിലേക്കെത്തുന്ന അവരുടെ ആഘോഷങ്ങളും, വിശ്വാസങ്ങളും ഉദാഹരണമായിപ്പറയാൻ ഒരു പാടുണ്ട്. ശരീഅത്തി പറയുന്നത് കേൾക്കുക:

''ശഫാഅത്ത് എന്ന ആശയത്തെ വികൃതമാക്കി കേവലം പരീക്ഷയിലെ കള്ളക്കളിയാക്കി അവതരിപ്പിക്കുന്ന അവസ്ഥ നിലവിലുണ്ട്. ഏതൊരു മതപണ്ഡിതനും അർഹനല്ലാത്ത ആരേയും സ്വർഗത്തിലേക്ക് കയറ്റിവിടാനാകുമാറാണ് അതിന്റെ വിശദീകരണം. സമൂഹത്തിൽ ഇത്തരമാളുകൾ വ്യാപകമായി പ്രചരിപ്പിക്കുന്ന ചിന്തകളാണ്, ആർക്കു എന്ത് തോന്നിവാസവും ചെയ്യാം. ഭൂമിയിലെ ഇമാമുകൾ (ഇവരറിയപ്പെടുന്നത് രിജാലുദ്ദീൻ എന്ന പേരിലാണ്)അവർക്കു വേണ്ടി ശഫാഅത്തു നൽകിയാൽ മതി, എല്ലാം പൊറുക്കപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടു കയും ചെയ്യും എന്നത്. അതിനാകട്ടെ, ചില ചിട്ടവട്ടങ്ങളുണ്ടെന്നു മാത്രം. അഥവാ നേർച്ചക്കാഴ്ച്ചകൾ വഴിപാടുപണങ്ങളും വേണം എന്നർത്ഥം. ഇബാദത്തുകൾക്കു തുല്യമായ ആചാരങ്ങളും ആഘോഷങ്ങളുമാണ് ദർഗകൾക്കും മഖാമുകൾക്കും മുമ്പിൽ നടത്തപ്പെടുന്നത്. ജനങ്ങളെ ഭയപ്പെടുത്തി നിർത്തുക, അവരിൽ നിന്ദ്യതാബോധമുണ്ടാക്കുക, ഇത്തരം ഉത്സവക്കമ്പനികളുടെ നേതൃസ്ഥാനത്തിരിക്കുന്ന പണ്ഡിത പാതിരിമാരോട് അങ്ങേയറ്റം ദയാ ബഹുമാനങ്ങൾ ഉണ്ടാക്കുക. തുടങ്ങിയ പല ലക്ഷ്യങ്ങളും ഇത്തരം ആഘോഷങ്ങൾക്കു പിന്നിലുണ്ട്. മതത്തിന്റെ മസിലുപയോഗിച്ചു പൊതുജനങ്ങളെ അടക്കിവാഴാനുള്ള പ്രമാണിവർഗ രൂപീകരണത്തിന് മാധ്യമമായി ഇമാമുകളുടെ സമ്പ്രദായങ്ങളും അവരുടെ ഖബറിടങ്ങളും ഉപയോഗിക്ക പ്പെടുന്നത് ഈ വിധത്തിലാണ്. ഈ മതാത്മക പ്രൗഡി ഉപയോഗപ്പെടുത്തിയാണ് ഈ മേലാളൻമാർ തങ്ങൾക്കിഷ്ട മുള്ളതെല്ലാം ഹലാലും ഹറാമുമാക്കി പ്രഖ്യാപിക്കുന്നത്. ഇവർ തന്നെയാണ് കഴമ്പുള്ള ആശയങ്ങളെ അവമതിക്കുന്നതും സ്വതന്ത്ര ചിന്തകൻമാരെ തീവ്രവാദികളെന്ന് മുദ്രകുത്തുന്നതും''.

''അല്ലാഹുവിന്റെ പ്രതിനിധികളെന്ന് അവകാശപ്പെടുന്ന, ഈ മതത്തിന്റെ മൊത്തക്കുത്തകക്കാർക്ക്, സ്വഫ്‌വീ മതപുരോഹിതർക്ക് അലവീ ശിആയിസവുമായി യാതൊരു ബന്ധവുമില്ല തന്നെ. വരും കാല പ്രതീക്ഷയോടെ പറയട്ടെ, എനിക്കുറപ്പുണ്ട്, നാളത്തെ ഇസ്‌ലാം മതപുരോഹിതൻമാരില്ലാത്ത (രിജാലുദ്ദീൻ) ഇസ്‌ലാമാ യിരിക്കും. ഇക്കാണുന്ന മതപുരോഹിതൻമാരില്ലാത്ത നമ്മുടെ ഇസ്‌ലാം

അതിന്റെ ആദിപ്രതാപത്തിലേക്ക് തിരിച്ചു ചെല്ലും'' (ഹാകദാ തകല്ലമ ശരീഅത്തി, ഹാദിൽ റസൂൽ 63-65)

അല്ലാഹുവിനും അവന്റെ അടിമകൾക്കുമിടയിലെ പ്രതിനിധികളായി നിലകൊള്ളുന്ന രിജാലുദ്ദീനിലെ ചിലരുമായി നേർച്ച. ശഫാഅത്ത്, ഇമാമുകളുടെ ദർഗാസന്ദർശനം തുടങ്ങി, ശിർക്കിലേക്കും, ഖുറാഫാത്തുകളിലേക്കും, ഇസ്‌ലാമിനെ അവഹേളിക്കുന്ന അവസ്ഥയിലേക്കും കൊണ്ടെത്തിക്കുന്ന കാര്യങ്ങളിൽ വരെ താൻ നടത്തിയ സംവാദങ്ങൾ അലി ശരീഅത്തി അനുസ്മരിക്കുന്നുണ്ട്. ഇത്തരം സകല ആഘോഷ ആചാരങ്ങളും അടിസ്ഥാനരഹിതമാണ് എന്ന് സമ്മതിക്കുന്നവരാണ് അവരൊക്കെ. എന്നാലും അവർ പറയും :''പക്ഷെ...''

ശരീഅത്തി തുടരുകയാണ്: ''ഇവരുടെ ഈ 'പക്ഷെ' പ്രയോഗം അവരുടെ കഴിവുകേടിന്റെ പ്രകടനമല്ല. തങ്ങൾക്കു തന്നെ വിശ്വസമില്ലാത്ത ചില പ്രതീകങ്ങളെ തകർത്തെറിയാനുള്ള ആഗ്രഹമില്ലായ്മയാണ് സൂചിപ്പിക്കുന്നത്. എന്തു കൊണ്ടെന്നാൽ ഒരു പ്രത്യേക സംഘമെന്ന നിലക്ക് സമൂഹത്തെ അടക്കി ഭരിക്കുന്ന ഹൈക്ലാസ് വർഗമെന്ന നിലക്ക് ഇവരുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നത് ഇത്തരം ആഘോഷ ആചാരങ്ങളുടെ നിലനിൽപ്പിലൂടെയാണ്''.

''പൊതുജനത്തെ സ്വാധീനിക്കാവുന്ന , സർവ്വസായുധ വ്യവസ്ഥാപിത ചിട്ടകളുമുള്ള ഒരു പ്രത്യേക സംഘമായി, ഹൈക്ലാസ് വർഗമായി ഈ മതപുരോഹിതൻമാർ പരിണമിക്കു മ്പോൾ, ദൈവിക സന്ദേശത്തിന്റെ പ്രാഥമികാധ്യാപന ങ്ങളുമായിപ്പോലും ബന്ധമില്ലാത്ത അറുപിന്തിരിപ്പൻ പ്രസ്ഥാനമായി അവർ തരംതാഴുകയാകും ഫലം. അപ്പോൾ അവരുടെ ലക്ഷ്യവും ശ്രമവും വർഗ നിലവാരവും, വർഗശക്തിയും സംരക്ഷിച്ചു നിർത്തുന്നതിൽ മാത്രം പരിമിതമായിത്തീരും.''

**ഈ വിധം...**

ഈ വിധമാണ്, (സുഹൃത്തെ, ഹൃദയം ദുഃഖത്താൽ പരവശമാകുന്നു) ഈ ദീനിന്റെ മഹത്തായ കാമ്പ്, അതെ, വിശുദ്ധമായ തൗഹീദ്, പണത്തിലും, സെക്സിലും, ഐഹികാഢംബരങ്ങളിലും നിലകൊള്ളുന്ന, ശരിയായ ദീനിൽ നിന്നും പ്രവാചകന്റെ (സ) ചര്യയിൽ നിന്നും ഇമാമുകളുടെ സമ്പ്രദായങ്ങളിൽ നിന്നും ബഹുദൂരമകന്ന, അടിസ്ഥാന രഹിതമായ ശിർക്കൻ ആചാരപാതയിലേക്ക് മാറ്റിമറിക്കപ്പെട്ടത്!!